പരിമിതിയിൽനിന്നും പരമാവധി

പത്മജ എൻ.
പ്രസിഡന്റ്

കോഴിക്കോട് ജില്ലയിലെ ഒരു കിഴക്കൻ മലയോര പ്രദേശമാണ് ചരിത്ര സ്മൃതികൾ ഉറങ്ങിക്കിടക്കുന്ന കായണ്ണ ഗ്രാമപഞ്ചായത്ത്. പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പരിമിതമായ വിഭവ സ്രോതസ്സുകൾക്കുള്ളിൽ നിന്ന് കൊണ്ട് ജനകീയപങ്കാളിത്തത്തിലധിഷ്ഠിതമായി വികസന വിജയഗാഥകളുടെ ശ്രേണി നിരകൾ ഒരു സൂര്യകാന്തി പുഷ്പം പോലെ വിടർന്നു നിൽക്കുന്നു.

പരിമിതമായ വിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി കായണ്ണ ഗ്രാമപഞ്ചായത്ത് നേടിയെടുത്ത നേട്ടങ്ങൾ അത്ഭുതാവഹമാണ്. റോഡ്, പാലം, കുടിവെള്ളം, വീട് തുടങ്ങിയ സമസ്ത മേഖലകളിലും ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ സഹകരണത്തോടു കൂടിയും എം.എൽ.എ, എം.പി. എന്നിങ്ങനെ ജനപ്രതിനിധികളുടെ സഹായത്തോടു കൂടിയും ജനക്ഷേമകരമായ നിരവധി പദ്ധതി പ്രവർത്തനങ്ങൾ നമ്മുടെ ഈ കൊച്ചു ഗ്രാമത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. പോരായ്മകൾ ഉണ്ടാവുമെങ്കിലും നേട്ടങ്ങൾ ഏവരും അംഗീകരിച്ചു കഴിഞ്ഞു.

2012-13, 2013-14, 2014-15 എന്നീ തുടർച്ചയായ മൂന്ന് വർഷങ്ങളിൽ ജില്ലയിലെ മികച്ച ഒന്നാമത്തെ പഞ്ചായത്തിനുള്ള സ്വരാജ് ട്രോഫികൾ ലഭിച്ചതും 2015-16, 2016-17 എന്നീ വർഷങ്ങളിൽ മികച്ച ഗ്രാമപഞ്ചായത്തിനുള്ള ദേശീയ അവാർഡുകൾ കരസ്ഥമാക്കിയതും പഞ്ചായത്തിന്റെ ചരിത്രത്തിലെ തിളക്കമാർന്ന ഏടുകളാണ്. വികസന പ്രവർത്തനങ്ങളിൽ കക്ഷി രാഷ്ട്രീയ പരിഗണനകൾ നൽകാതെയും പദ്ധതി ആസൂത്രണത്തിൽ പാവപ്പെട്ടവന്റെ മുഖം മാത്രം ഓർത്തു കൊണ്ടും

ജീവനക്കാർ

പ്രസിഡന്റ്

മുഴുവൻ ജനങ്ങളെയും വിശ്വാസത്തിലെടുത്തും കൂട്ടായ്മയോടെ മുന്നോട്ട് പോകാൻ കഴിഞ്ഞു. മനുഷ്യ വിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗത്തിലൂടെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ, വിഭവസ്രോതസ്സുകൾ എന്നീ ചതുർമാനങ്ങളിലധിഷ്ഠിതമായ പ്രവർത്തന രീതിയാണ് കായണ്ണ ഗ്രാമപഞ്ചായത്തിന്റെ വിജയ രഹസ്യം. കായണ്ണ ഗ്രാമപഞ്ചായത്തിലെ പദ്ധതി പ്രവർത്തനങ്ങൾക്ക് മുന്നോടിയായുള്ള കൃത്യമായ ആസൂത്രണം പദ്ധതിയിൻമേലുള്ള നിരീക്ഷണം, നിർവ്വഹണത്തിന്റെ കാര്യക്ഷമത എന്നിവയും വിജയത്തിന്റെ കാരണങ്ങളാണ്.

പുത്തൻ കേരള സൃഷ്ടിക്കായി കേരള സർക്കാർ വിഭാവനം ചെയ്ത നവകേരള മിഷൻ പ്രവർത്തനങ്ങളുടെ ചുവടു പിടിച്ചുകൊണ്ട് സമ്പൂർണ്ണ പാർപ്പിട പദ്ധതി, സമഗ്ര ആരോഗ്യ സംരക്ഷണ പദ്ധതി, പൊതു വിദ്യാഭ്യാസ സംരക്ഷണ പദ്ധതി, ജൈവ കൃഷി, ശുചിത്വ മാലിന്യ സംസ്കരണം, ജല സംരക്ഷണം എന്നീ മേഖലകൾക്ക് ഊന്നൽ നൽകി പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് പഞ്ചായത്ത് പ്രതിജ്ഞാബദ്ധമാണ്.

ഭരണസമിതി

ഒത്തൊരുമയിൽ നൂറുമേനി നേട്ടം

കെ. അഹമ്മദ് സഗീർ
പ്രസിഡന്റ്

അവിഭക്ത ചീക്കോട് ഗ്രാമ പഞ്ചായത്ത് വിഭജിച്ച് 2005 ൽ നിലവിൽ വന്നതാണ് മുതുവല്ലൂർ ഗ്രാമ പഞ്ചായത്ത്. മൂന്നാമത്തെ ഭരണസമിതിയാണ് നിലവിലുള്ളത്. 21.49 ച.കി.മീ വിസ്തൃതിയും 15 വാർഡുകളിലായി 28000 ത്തിലധികം ജനസംഖ്യയുമുണ്ട്. തനത് വരുമാനം കേവലം 36 ലക്ഷം രൂപ മാത്രമാണ്. വർഷാവർഷം അനുവദിക്കുന്ന പദ്ധതി ഫണ്ട് ഉപയോഗിച്ചാണ് വികസന പ്രവർത്തനങ്ങൾ നടത്തുന്നത്. ആദ്യ വർഷം ലോക ബാങ്ക് അധിക ധനസഹായമായി ലഭിച്ച 2 കോടി വൈകി ലഭിച്ചതിനാലും അസി. എഞ്ചിനീയർ അടക്കമുള്ള ടെക്നിക്കൽ സ്റ്റാഫ് ഇല്ലാതിരുന്നതിനാലും പദ്ധതി നിർവഹണത്തിൽ പഞ്ചായത്തിന് നേട്ടം കൈവരിക്കാനായില്ല.

2017-18 ൽ കരുതലോടെ കാൽവെയ്പ്പുകൾ നടത്തി യഥാസമയം പദ്ധതികൾക്ക് അംഗീകാരം നേടി പൂർത്തീകരിക്കാനായി. ലോകബാങ്കിന്റെ അധിക ധനസഹായമായി ലഭിച്ച 2 കോടി ഫണ്ടും ടെണ്ടർ ചെയ്തപ്പോൾ കിട്ടിയ സേവിംഗ്സും 100 ശതമാനം ചെലവഴിക്കുക വഴി ലോക ബാങ്ക് അധികൃതരുടെ പ്രശംസ നേടാനായി. ഇത് പ്രകാരം പഞ്ചായത്തിലെ 3 സർക്കാർ എൽ.പി സ്കൂളുകൾക്ക് പുതിയ ബ്ലോക്ക് നിർമ്മിച്ചു. രണ്ട് പുതിയ അംഗനവാടി കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചു. പി.എച്.സിക്ക് പുതിയ കെട്ടിടവും ആയുർവേദ ആശുപത്രിക്ക് പുതിയ ബ്ലോക്കും നിർമ്മിച്ചു. മൂന്ന് മാസത്തിലൊരിക്കൽ നിർവഹണ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് കൂട്ടി പദ്ധതി പുരോഗതി അവലോകനം നടത്തി. ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി മാസാമാസം സ്റ്റാഫ് മീറ്റിംഗും ചേർന്ന് നിർവഹണ ഉദ്യോഗസ്ഥരും ജീവനക്കാരും ഭരണസമിതിയും കൈകോർത്തു പ്രവർത്തിച്ചുകൊണ്ട് പദ്ധതി നിർവ്വഹണത്തിൽ മലപ്പുറം ജില്ലയിൽ ഒന്നാം സ്ഥാനം കൈവരി

ഭരണസമിതി

പ്രസിഡന്റ്

ക്കാനായി.

പട്ടികവർഗ്ഗ വിഭാഗം ഇവിടെയില്ല. പട്ടികജാതി വിഭാഗത്തിന് നീക്കി വെച്ച ഫണ്ട് ചെലവഴിച്ചു. ഭിന്നശേഷിക്കാർക്ക് പ്രിവിലേജ് കാർഡ് നല്കിയും പരിരക്ഷ പ്രവർത്തനത്തിന് സപ്പോർട്ടിംഗ് കമ്മറ്റി മുഖേന കഴിഞ്ഞ വർഷം 8 ലക്ഷത്തോളം രൂപ സമാഹരിച്ച് സഹായിക്കുന്നതിനും കഴിഞ്ഞു. കൃഷിഭവന്റെ കീഴിൽ ആഴ്ച വിപണിയും ഇക്കോ ഷോപ്പ്, പച്ചക്കറി ഹോൾസെയിൽ & റീട്ടെയിൽ മാർക്കറ്റിങ്ങും നടത്തി വരുന്നുണ്ട്. കേരളോത്സവ നടത്തിപ്പിൽ ജില്ലയിൽ ഒന്നാം സ്ഥാനം ലഭിച്ചു. വസ്തു നികുതി മാർച്ച് മാസം പകുതിയോടെ തന്നെ 100% പിരിച്ചെടുക്കാനായി.

2018-19 വർഷത്തെ പദ്ധതികൾക്ക് ഡി.പി.സി അംഗീകാരം നേടി. ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിനും ആധുനിക രീതിയിലുള്ള ക്രിമറ്റോറിയം, പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ്, പൊതുശ്മശാനം എന്നിവയ്ക്ക് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ലോകബാങ്കിന്റെ ധനസഹായം ലഭിക്കുന്ന മുറയ്ക്ക് ആധുനിക രീതിയിലുള്ള നീന്തൽ കുളവും ഇൻഡോർ സ്റ്റേഡിയവും മിനി സ്റ്റേഡിയ വികസനവും കൃഷിഭവൻ പുനരുദ്ധാരണവും ഉൾപ്പെടെ ഒട്ടേറെ വികസന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും പരിപാടിയുണ്ട്.

ഫണ്ട് വിനിയോഗത്തിലും മറ്റു പ്രവർത്തനങ്ങളിലും ഭരണ പ്രതിപക്ഷ പക്ഷപാതമില്ലാതെ ജനപ്രതിനിധികളും ജീവനക്കാരും നിർവ്വഹണ ഉദ്യോഗസ്ഥരും ഒത്തൊരുമിച്ച് പ്രവർത്തിക്കുന്നു എന്നുള്ളതാണ് മറ്റു പഞ്ചായത്തുകളിൽ നിന്നും മുതുവല്ലൂരിനെ വ്യത്യസ്തമാക്കുന്നതും മികച്ച നേട്ടങ്ങൾ കൈവരിക്കാൻ സഹായിക്കുന്നതും.

ജീവനക്കാർ

മെച്ചപ്പെട്ട പ്രകടനം

തോമസ് ജോർജ്ജ്
പ്രസിഡന്റ്

കൊഴുവനാൽ ഗ്രാമപഞ്ചായത്ത് 2017-18 വാർഷിക പദ്ധതി നിർവ്വഹണത്തിൽ മികച്ച വിജയം കൈവരിച്ചിരിക്കുകയാണ്. 2017-18 വർഷം സ്പിൽഓവർ പദ്ധതികൾ ഉൾപ്പെടെ 131 പദ്ധതികളാണ് പൂർത്തീകരിച്ചിട്ടുള്ളത്. വാർഷിക പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ തന്നെ നേടാനായതും കൃത്യമായ മോണിറ്ററിംഗും വിജയ ഘടകമാണ്. 2017-18 വർഷം ലോകബാങ്ക് ധനസഹായമായി ആയുർവേദ ആശുപത്രിക്ക് കെട്ടിടം, ഗ്രാമപഞ്ചായത്തിന് മേവടയിൽ കമ്മ്യൂണിറ്റിഹാൾ, ആലുതറപ്പാറ ചെക്ക് ഡാം നിർമ്മാണം എന്നിവ എടുത്തു പറയത്തക്ക നേട്ടമാണ്. ജലനിധി പദ്ധതിയുടെ ഭാഗമായി 14 ഗുണഭോക്തൃ സമിതികളി

ഭരണസമിതി

ലായി 2230 കുടുംബങ്ങൾക്ക് ശുദ്ധജലം വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ പൂർത്തീകരിക്കാനായത് മറ്റൊരു വലിയ നേട്ടമായി കാണുന്നു. അതോടൊപ്പം നടപ്പിലാക്കിയ പാലിയേറ്റീവ് സാന്ത്വന പരിചരണ പദ്ധതി, വൃദ്ധജനങ്ങൾക്ക് കട്ടിൽ വിതരണം, ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ജൈവവളം വിതരണം, പച്ചക്കറി തൈ വിതരണം, ടിഷ്യൂകൾച്ചർ വാഴതൈ വിതരണം തുടങ്ങിയ പദ്ധതികൾ പൊതുജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമായി.

നാളിതുവരെയുള്ള പദ്ധതി നിർവ്വഹണത്തിന്റെ പോരായ്മകൾ തിരിച്ചറിഞ്ഞുകൊണ്ട് കൂടുതൽ മെച്ചപ്പെട്ട പ്രകടനം കാഴ്ചവയ്ക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ഗ്രാമ പഞ്ചായത്ത് പുതിയതായി പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഓഫീസ് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ, പ്ലാസ്റ്റിക് മാലിന്യ നിവാരണത്തിനായി ഹരിത കർമ്മ സേന, ഗവ. എൽ. പി. സ്കൂളുകളിൽ പ്രഭാത ഭക്ഷണം തുടങ്ങിയ പദ്ധതികൾ അവയിൽ ചിലതാണ്. എല്ലാത്തിലുമുപരി ഭരണസമിതിയും ജീവനക്കാരും തമ്മിലുള്ള കൂട്ടായ പ്രവർത്തനമാണ് വിജയത്തിന്റെ അടിസ്ഥാനം.

പ്രസിഡന്റ്

ജീവനക്കാർ

തലയെടുപ്പോടെ...

ജെ. ജയദേവൻ
പ്രസിഡന്റ്

"പൂക്കോട്ടുകാവ് അതൊരു പഞ്ചായത്താണോ..........?" വർഷങ്ങൾക്കു മുൻപ് ഒരു അവലോകന യോഗത്തിൽ ഉയർന്നുകേട്ട ഒരു പരിഹാസചോദ്യം ഇപ്പോഴും ഓർക്കുന്നുണ്ട്. കേരളത്തിലെ തന്നെ താരതമ്യേന ചെറുതും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ ഈ വള്ളുവനാടൻ ഗ്രാമത്തിന് പ്രത്യേകിച്ച് അലങ്കാരങ്ങളൊന്നും ഉണ്ടായിരുന്നില്ല.എന്നാലിന്ന് പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ബ്ലോക്കിൽ ഉൾപ്പെട്ട ഈ കൊച്ചു പഞ്ചായത്ത് തദ്ദേശസ്ഥാപനങ്ങൾക്കിടയിൽ തലയെടുപ്പോടെ നിൽക്കുകയാണ്.

നൂതനവും വ്യത്യസ്തങ്ങളുമായ പദ്ധതികളിലൂടെയാണ് പൂക്കോട്ടുകാവ് ലോക ശ്രദ്ധയിലേക്ക് വന്നത്. കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് വർഷത്തിനകം 250 ലധികം കിണറുകൾ കുഴിച്ചതാണ് പഞ്ചായത്തിനെ ആദ്യം വെള്ളിവെളിച്ചത്തിലേക്ക് കൊണ്ടുവന്നത്. മനോഹരമായ ഈ ആഴകിണറുകൾ അത്രയും നിർമ്മിച്ചത് സ്ത്രീകൾ മാത്രമാണ് എന്നതാണ് അതിന്റെ പ്രത്യേകത. മുന്നൂറോളം സ്ത്രീകൾ കിണർ നിർമ്മാണത്തിൽ വൈദഗ്ധ്യം നേടിയ ഇന്ത്യയിലെ തന്നെ ആദ്യ ഗ്രാമമായിരിക്കും പൂക്കോട്ടുകാവ്. 'ഉറവ്' എന്ന പദ്ധതിയിൽ കിണറുകൾ റീചാർജ് ചെയ്യും മണ്ണ് - ജല സംരക്ഷണ പ്രവൃത്തിയിൽ ജനങ്ങളെയാകെ പങ്കാളികളാക്കാൻ ശ്രമിച്ചും പഞ്ചായത്ത് ശ്രദ്ധനേടി. കഴിഞ്ഞ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പഞ്ചായത്തിലാകെ ഒരു ലക്ഷം ഫലവൃക്ഷവിത്തുകൾപാകി പദ്ധതി ജനകീയമായി നടപ്പാക്കി. തൊഴിലുറപ്പ് പദ്ധതിയിൽ ഓണക്കാലത്ത് പൂകൃഷി വിജയകരമായി നടപ്പാക്കാൻ കഴിഞ്ഞു.

സമ്പൂർണ കുടിവെള്ള ഗ്രാമം എന്ന ലക്ഷ്യത്തിലേക്കാണ് പഞ്ചായത്ത് നീങ്ങികൊണ്ടിരിക്കുന്നത്. ഇതിനായി കഴിഞ്ഞ വർഷത്തെ പദ്ധതികളാകെ തുടരുന്നതോടൊപ്പം ഒരു കൃത്രിമ തടാകം നിർമ്മിക്കാൻ ആലോചനകൾ നടക്കുന്നു.

30 KW വൈദ്യുതി സൗരോർജത്തിൽനിന്നും ഉദ്പാദിപ്പിച്ച് KSEB ക്ക് നൽകുന്ന പദ്ധതി പോയ വർഷം നടപ്പിലാക്കി ഊർജസംരക്ഷണ രംഗത്ത് പുതിയചില നീക്കങ്ങൾ നടത്താനും കുടുംബശ്രീയിലെ സ്ത്രീകളെ ഉപയോഗിച്ച് LED ബൾബുകൾ ഉണ്ടാക്കി തെരുവ് വിളക്ക് സംവിധാനമാകെ അതിന് കീഴിലാക്കാനുമുള്ള ശ്രമമാണ് ഈ വർഷം നടത്തുന്നത്.

കേരളത്തിലാദ്യമായി ജനകീയ ഓഡിറ്റിംഗ് 'പൗരപീഠം' സ്ഥാപിച്ച പഞ്ചായത്താണ് പൂക്കോട്ടുകാവ്. സുതാര്യവും അഴിമതിരഹിതവുമായ സേവനം ഇത് ജനങ്ങൾക്ക് ഉറപ്പു നൽകുന്നു. വിദ്യാഭ്യാസം, സ്ത്രീപദവി തുടങ്ങിയ മേഖലകളിൽ ചില പുതിയ പദ്ധതികൾ ഈ വർഷം നടപ്പിലാക്കുന്നുണ്ട്.

വിവിധ പദ്ധതികളിൽ ജനങ്ങളെയാകെ അണിനിരത്താൻ കഴിയുന്നു എന്നതാണ് പ്രവർത്തന മികവിന്റെ ഒരു ഗുണം. ഭരണസമിതിയും ജീവനക്കാരും ഒരു കുടുംബം പോലെ നിന്ന് പ്രവർത്തനങ്ങൾക്കാകെ നേതൃത്വം നൽകുന്നു. കക്ഷി രാഷ്ട്രീയത്തിന്റേതായ തർക്കങ്ങളോ, അഴിമതി,

പ്രസിഡന്റ്

ഭരണസമിതി

കെടുകാര്യസ്ഥത തുടങ്ങിയ ജനങ്ങൾ വെറുക്കുന്ന കാര്യങ്ങളോ പഞ്ചായത്തിന്റെ പ്രവർത്തനങ്ങളിൽ നിഴൽ വീഴ്ത്തുന്നില്ല. ഇപ്പോൾ ഒട്ടും അഹന്തയില്ലാതെ 'ഞങ്ങൾ പൂക്കോട്ടുകാവ് പഞ്ചായത്തിലാണ്'' എന്ന് ഗ്രാമ വാസികൾക്ക് പറയാവുന്ന അവസ്ഥയിലേക്ക് ഈ കൊച്ചു പ്രദേശം മാനസികമായി ഉയർന്നിരിക്കുന്നു.

20000 താഴെ ജനസംഖ്യയുള്ള പഞ്ചായത്തിൽ 48 പട്ടികജാതി കോളനികളുണ്ട്. മണ്ണ്, ജല സംരക്ഷണത്തിനും വിദ്യാഭ്യാസത്തിനും പട്ടികജാതി വികസന ത്തിനും ഊന്നൽ നൽകുന്ന പ്രവർത്തന ങ്ങളാണ് ഭരണസമിതി സംഘടിപ്പിച്ചത്. പരിസ്ഥിതി സന്തുലനം സാധ്യമാക്കുന്ന ബദൽ വികസന കാഴ്ചപാട് മുന്നോട്ടുവയ്ക്കാനാണ് ശ്രമിക്കുന്നത്. ഇതിനായി നൂതനമായ പല ആശയങ്ങളും ജനകീയ പങ്കാളിത്തത്തോടെ ഏറ്റെടുക്കുകയുണ്ടായി.

2017-18 സാമ്പത്തിക വർഷം പദ്ധതിത്തുക വിനിയോഗിക്കുന്നതിൽ ജില്ലയിലെ ആദ്യപേരുകളിൽ ഒന്നാണ് പൂക്കോട്ടുകാവ്. ചരിത്രത്തിലാദ്യമായി നികുതി വരുമാനം 100% ആക്കാനും പോയ വർഷം സാധിച്ചു.

മുൻവർഷങ്ങളിൽ നടന്ന പ്രവർത്തനങ്ങളെല്ലാം വിവിധ രൂപങ്ങളിൽ പുതിയ സാമ്പത്തിക വർഷവും തുടരും. കൂടാതെ സ്ത്രീ പദവി, ഊർജസംരക്ഷണം, പട്ടികജാതി വികസനം തുടങ്ങിയ മേഖലകളിൽ വ്യത്യസ്തവും നൂതനവുമായ പുതിയ ചില പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും ഭരണസമിതി ആലോചിക്കുന്നുണ്ട്.

ജീവനക്കാർ

സ്വപ്നതുല്യനേട്ടം കൈവരിച്ചു

കെ.പി. അസ്സൻകുട്ടി
പ്രസിഡന്റ്

കോഴിക്കോട് ജില്ലയുടെ കിഴക്കൻ മലയോരത്ത് പേരാമ്പ്ര പട്ടണത്തിന് തൊട്ടടുത്ത് സ്ഥിതി ചെയ്യുന്ന ചെറിയ ഗ്രാമമാണ് കുത്താളി. പറയത്തക്ക നാഗരിക സ്വഭാവമൊന്നും ആർജ്ജിച്ചിട്ടില്ലാത്ത തനി നാട്ടുപ്രദേശമായ ഇവിടെ കേവലം 14 ച.കി.മീ വിസ്തൃതിയിൽ ഏകദേശം 20000ത്തോളം ജനങ്ങൾ അധിവസിക്കുന്നു. തനത് വരുമാനത്തിന് കാര്യമായ സാധ്യതകളൊന്നുമില്ലാത്ത ഇവിടെ സർക്കാരിൽ നിന്നും ലഭിക്കുന്ന വിവിധ ഗ്രാന്റുകൾ പരമാവധി പ്രയോജനപ്പെടുത്തിയും ബ്ലോക്ക് – ജില്ലാ പഞ്ചായത്തുകളിൽ നിന്നുമുള്ള ഫണ്ടുകൾ ഉപയോഗിച്ചും പ്രാദേശിക വികസനം ശക്തിപ്പെടുത്തുന്നതിന് പഞ്ചായത്ത് എക്കാലവും ശ്രമിക്കാറുണ്ട്.

2017-18 ലെ പദ്ധതി നിർവ്വഹണത്തിൽ സ്വപ്നതുല്ല്യമായ നേട്ടം കൈവരിക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. വരുമാനം കുറഞ്ഞ പഞ്ചായത്തുകൾക്ക് തദ്ദേശമിത്രം വഴി ലഭിച്ച 2 കോടി ഉൾപ്പെടെയുള്ള തുക ചെലവഴിക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിൽ വൻ കുതിച്ചുചാട്ടം നടത്തുന്നതിനും പഞ്ചായത്തിന് കഴിഞ്ഞു.

മുൻവർഷങ്ങളെ അപേക്ഷിച്ച് പദ്ധതി അംഗീകാരം നേരത്തെ ലഭിച്ചതിനാൽ നിർവ്വഹണത്തിന് കൂടുതൽ സമയം ലഭിച്ചതും ഗുണഭോക്തൃ ലിസ്റ്റുക

ഭരണസമിതി

ൾ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നേരത്തെ നല്കുവാൻ കഴിഞ്ഞതും പദ്ധതി വിഹിതം പൂർണ്ണമായും വിനിയോഗിക്കാൻ കഴിഞ്ഞതിന്റെ പ്രധാന ഘടകങ്ങളാണ്. ഓരോ പദ്ധതിക്കും പൂർത്തീകരണ കാലയളവ് നിശ്ചയിച്ച് കലണ്ടർ തയ്യാറാക്കുകയും അതുപ്രകാരം വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ പദ്ധതി പുരോഗതി നിരന്തരം മോണിറ്റർ ചെയ്യുന്നതും യഥാസമയം പദ്ധതി പൂർത്തീകരണത്തിന് സഹായകമായി. ജി.എസ്.ടി യുമായി ബന്ധപ്പെട്ടുണ്ടായ കരാറുകാരുടെ ടെണ്ടർ ബഹിഷ്കരണത്തിന്റ ഭാഗമായി നഷ്ടപ്പെട്ട സമയം പ്രവൃത്തി ഏറ്റെടുത്ത കരാറുകാരെ ബോധ്യപ്പെടുത്തുവാൻ സാധിച്ചതും എഗ്രിമെന്റ് വെച്ച കരാറുകാരുമായി ഭരണസമിതിയും എഞ്ചിനീയറിംഗ് വിഭാഗവും നിരന്തരമായി അവലോകന ചർച്ചകൾ നടത്തിയതും മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുവാൻ സഹായകമായി.

2017-18ൽ ഉല്പാദന മേഖലയ്ക്കും പാർപ്പിട മേഖലയ്ക്കും പ്രാധാന്യം നല്കിയാണ് പദ്ധതി രൂപീകരിച്ചത്. ഉല്പാദനമേഖലയിൽ 4668268 ഉം പാർപ്പിട മേഖലയിൽ 3601232 രൂപയാണ് വകയിരുത്തിയിരുന്നത്. അഗ്രികൾച്ചർ അഗ്രോ സർവ്വീസ് സെന്റർ നിർമ്മാണം, എല്ലാ സൗകര്യങ്ങളോടും കൂടിയ ആയുർവ്വേദ ഡിസ്പെൻസറി കെട്ടിട നിർമ്മാണം, 2 മാതൃകാഅംഗനവാടി കെട്ടിടനിർമ്മാണം, മാലിന്യ സംസ്കരണത്തിനായി ഗാർഹിക ഉണഭോക്താക്കൾക്ക് ബയോഗ്യാസ് പ്ലാന്റ് വിതരണം, വൃദ്ധജനങ്ങൾക്ക് കട്ടിൽ വിതരണം എന്നിവ നടപ്പിലാക്കിയ പ്രധാന പദ്ധതികളിൽ പെടുന്നു. എസ്.സി.പി ഫണ്ട് വിനിയോഗിച്ച് ചെലവഴിച്ച പദ്ധതികൾ, ലൈഫ്, വിദ്യാർത്ഥികൾക്ക് പഠനമുറി - സൈക്കിൾ വിതരണം, കുടിവെള്ള പദ്ധതികൾ എന്നിവയാണ്. എസ്.സി.പി പദ്ധതികൾ ഫലപ്രദമായി മോണിറ്റർ ചെയ്യുന്നതിന് പട്ടികജാതി വർക്കിംഗ് ഗ്രൂപ്പിന് കഴിഞ്ഞിട്ടുണ്ട്.

വർഷങ്ങളായി വസ്തുനികുതി പിരിവ് നൂറ് ശതമാനം കൈവരിക്കുന്ന പഞ്ചായത്താണ് കുത്താളി. 2017-18 വർഷത്തിൽ തനത് വരുമാനത്തിൽ ഏതാണ്ട് 20% വർദ്ധനവ് വരുത്തുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. കെട്ടിടങ്ങളിൽ നിരന്തരമായി നടത്തിയ പരിശോധനകളിലൂടെ 500ലധികം കെട്ടിടങ്ങളുടെ നികുതി പരിഷ്കരിച്ചു. അനുമതിയില്ലാതെ ഒരു വ്യാപാരവും പഞ്ചായത്ത് പ്രദേശത്ത് നടക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിന് പഞ്ചായത്ത് ഭരണസമിതിയും ജീവനക്കാരും ആത്മാർത്ഥമായി ശ്രമിച്ചിട്ടുണ്ട്. വരും വർഷങ്ങളിലും ഭരണസമിതിയും എല്ലാ ജീവനക്കാരും ഒന്നിച്ച് നിന്ന് പ്രവർത്തിക്കുകയും പദ്ധതി രൂപീകരണ നിർവ്വഹണ മോണിറ്ററിംഗ് പ്രവർത്തന ങ്ങൾ ഫലപ്രദമായി സമയബന്ധിതമായി നടത്തുകയും ചെയ്യുന്നതാണ്.

പ്രസിഡന്റ്

ജീവനക്കാർ

കേരളത്തിന്റെ കലാഗ്രാമം

കെ. ശ്രീധരൻ
പ്രസിഡന്റ്

പാലക്കാട് ജില്ലയിൽ ശ്രീകൃഷ്ണപുരം ബ്ലോക്കിൽ വള്ളുവനാടിന്റെ കലാ-സാംസ്കാരിക പൈതൃകത്തിന്റെ ഉറവിടമാണ് വെള്ളിനേഴി. കഥകളിയുടെ ഈറ്റില്ലമായ വെള്ളിനേഴി നിരവധി നാടൻ അനുഷ്ഠാനകലകളുടെയും പശ്ചാത്തലമുള്ള പഞ്ചായത്താണ്. ഒളപ്പമണ്ണ മനയും കഥകളികോപ്പ് നിർമ്മാണകേന്ദ്രവും അടക്കാപുത്തൂർ ലോഹക്കണ്ണാടിയും കളക്കാടൻ മലയും കുറ്റാനശ്ശേരി മുതലമൂർഖൻകടവിലെ ഋക്കപാലവും തിരുവാഴിയോട് വെറ്റിലകൃഷിയും ഒരിക്കലും നീരൊഴുക്ക് നിലയ്ക്കാത്ത ഋതപ്പുഴയും ഈ നാടിന്റെ ഭൂമിശാസ്ത്രപരവും ചരിത്രപരവുമായ പ്രത്യേകതകളാണ്.

പതിമൂന്ന് വാർഡുകളിലായി ഇരുപതിനായിരത്തിലധികം ജനസംഖ്യയുള്ള പഞ്ചായത്തിന്റെ സമഗ്രവികസനത്തിന് ലക്ഷ്യമിട്ടുകൊണ്ട് നെൽകൃഷി വികസനം, ജൈവകൃഷി, ശീതകാലപച്ചക്കറികൃഷി, പശുവളർത്തൽ, ആടുവളർത്തൽ, കോഴിവളർത്തൽ, എല്ലാ അടുക്കളയിലും കുടിവെള്ളം, "തെളിനീർ" - കിണർ റീച്ചാർജിംഗ് പദ്ധതി, എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, സൈക്കിൾ, വൃദ്ധർക്ക് കട്ടിൽ, വീട് പുനരുദ്ധാരണം, പട്ടികജാതി കോളനികളിലേക്ക് കുടിവെള്ളവിതരണം, "സ്നേഹസ്പർശം" പാലിയേറ്റീവ് പരിചരണം, "മാർഗ്ഗദീപ്തി" മരുന്ന് വിതരണം, ആശുപത്രികളുടെയും സ്കൂളുകളുടെയും നവീകരണം, ഐ.എസ്.ഒ സർട്ടിഫിക്കേഷൻ, എല്ലാ വീട്ടുപടിക്കലേക്കും റോഡ്, തെരുവ് വിളക്കുകളുടെ വിപുലീകരണം, "വൃക്ഷകുടുംബം" പദ്ധതി, "അതിജീവനം" - പ്ലാസ്റ്റിക് മാലിന്യമുക്ത പദ്ധതി, 10 ശിശുസൗഹൃദ അംഗനവാടികളുടെ നിർമ്മാണം, അംഗനവാടികളിലേക്ക് ഫർണീച്ചർ, കളിയുപകരണങ്ങൾ, ആരോഗ്യമേഖലയിൽ "വാത്സല്യം" വെള്ളിനേഴി, "ഹൃദയപൂർവ്വം" വെള്ളിനേഴി എന്നിങ്ങനെയുള്ള പ്രൊജക്ടുകൾ 2017-18 വർഷത്തിൽ സമയബന്ധിതമായി പൂർത്തീകരിച്ചു.

ഭരണസമിതി

തുടക്കത്തിൽ നിർവഹണ ഉദ്യോഗസ്ഥരുടെ ഒഴിവ് വലിയ പ്രശ്നമായി നിലനിന്നു. പഞ്ചായത്തിന്റെ ഇടപെടലും ഗവൺമെന്റിന്റെ ശ്രദ്ധയും കാരണം മുഴുവൻ നിർവ്വഹണ ഉദ്യോഗസ്ഥരെയും നിയമിച്ചുകിട്ടി. ഓരോമാസവും പൂർത്തീകരിക്കേണ്ട പ്രൊജക്ടുകൾ തരംതിരിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിതലത്തിൽ

ജീവനക്കാർ

പ്രസിഡന്റ്

ച്ചുമതല വിഭജിച്ച് പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു. മാസംതോറും ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് പ്രവർത്തന പുരോഗതി വിലയിരുത്തി. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും കൂട്ടായി നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ് പദ്ധതി നിർവഹണത്തിൽ വലിയ നേട്ടം കൈവരിക്കാനായത്.

പദ്ധതി നിർവഹണത്തിൽ പാലക്കാട് ജില്ലയിൽ ഒന്നാമതായിരുന്നു വെള്ളിനേഴി. 173.87% പദ്ധതി ചെലവ് നടത്തി. തദ്ദേശമിത്രം പദ്ധതിയിൽ അധിക സഹായം ലഭിച്ച പഞ്ചായത്തായതുകൊണ്ടാണ് ചെലവിൽ ഉയർന്ന ശതമാനം ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞത്. ചുരുങ്ങിയ കാലയളവിൽ എല്ലാ മേഖലയിലും വലിയ നേട്ടങ്ങൾ ഉണ്ടാക്കിയെടുത്ത വർഷമായിരുന്നു ഇത്. കേരള വാട്ടർ അതോറിറ്റി, കേരള ഇലക്ട്രിസിറ്റി ബോർഡ്, ഐ.ആർ.ടി.സി മുണ്ടൂർ എന്നിങ്ങനെയുള്ള സ്ഥാപനങ്ങളുടെയും സഹകരണം ഉണ്ടായിട്ടുണ്ട്.

100% നികുതി സമാഹരണം

2017-18 സാമ്പത്തിക വർഷത്തിലെ മുഴുവൻ നികുതിയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും കൂട്ടായ പ്രവർത്തനത്തിലൂടെ സമാഹരിച്ചു.

2018-19 പദ്ധതി – ജില്ലയിൽ ഒന്നാമത്

2018-19 വാർഷിക പദ്ധതിയും സമയബന്ധിതമായി തയ്യാറാക്കി ഒന്നാമതായിത്തന്നെ ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കുകയും അംഗീകാരം നേടുകയും ചെയ്തു.

പഞ്ചായത്തിന്റെ പ്രവർത്തനങ്ങളെല്ലാം സമയബന്ധിതമായി പൂർത്തീകരിക്കാൻ ജനപ്രതിനിധികളും, ഉദ്യോഗസ്ഥ സംവിധാനവും ആസൂത്രണ സമിതിയും കൂട്ടായി പ്രവർത്തിച്ചുവരുന്നു. വികസനപ്രവർത്തനവും വിഭവസമാഹരണവും കാര്യക്ഷമമാക്കാനും സുതാര്യമാക്കാനും സേവനങ്ങൾ വളരെ വേഗത്തിൽ ജനങ്ങൾക്ക് നൽകാനും അഴിമതി രഹിതമാക്കാനും ഇതിലൂടെ കഴിയുന്നു. ജനങ്ങൾക്ക് ഭരണസംവിധാനത്തിലുള്ള വിശ്വാസം വർദ്ധിക്കാനും ഇത് സഹായകമായിട്ടുണ്ട്.

ജീവനക്കാർ

കൂട്ടായ യത്നം വിജയത്തിലെത്തി

സി. രാധ
പ്രസിഡന്റ്

2017 - 18 സാമ്പത്തിക വർഷത്തിൽ പദ്ധതി നിർവ്വഹണത്തിൽ മികച്ച നേട്ടം കൈവരിക്കുന്നതിനു അരിക്കുളം ഗ്രാമപഞ്ചായത്തിനു സാധിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെയും ഭരണസമിതിയുടെയും ഒത്തൊരുമിച്ച പ്രവർത്തനം കൊണ്ടാണ് ഇങ്ങനെയൊരു നേട്ടം കൈവരിക്കുന്നതിനു സാധിച്ചത്. അടിസ്ഥാന സൗകര്യ വികസനത്തിൽ മെച്ചപ്പെട്ട നില കൈവരിക്കുന്നതിനും കഴിഞ്ഞു. 2017-18 വർഷത്തിൽ വാർഷിക പദ്ധതി അംഗീകാരം മെയ് മാസത്തിൽ തന്നെ ലഭ്യമായതിനാൽ പദ്ധതി നിർവ്വഹണത്തിൽ കൂടുതൽ സമയം ലഭിച്ചതും ഗുണഭോക്തൃ ലിസ്റ്റുകൾ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നേരത്തെ നല്കിയതും പദ്ധതി വിഹിതം പൂർണ്ണമായി ചെലവഴിക്കുന്നതിനു സഹായിച്ച ഘടകങ്ങളാണ്. ഓരോ പദ്ധതിക്കും പൂർത്തീകരണ കാലയളവ് നിശ്ചയിച്ച് കലണ്ടർ തയ്യാറാക്കുകയും അത് പ്രകാരം വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ പദ്ധതി പുരോഗതി യഥാസമയങ്ങളിൽ മോണിറ്റർ നടത്തിയതും സഹായകരമായി. നിർവ്വഹണ ഉദ്യോഗസ്ഥർ കൃത്യമായി അവലോകനയോഗങ്ങൾ ചേരുകയും ജനവരി മാസത്തിനകം തന്നെ പദ്ധതി വിഹിതം ചെലവഴിക്കുന്നതിനു നിർദ്ദേശം നല്കുകയും ചെയ്തിട്ടുള്ളതുമാണ്. അതനുസരിച്ച് പൊതുമരാമത്ത് പ്രവർത്തികൾ ഒഴികെയുള്ള എല്ലാ പ്രൊജക്ടുകളും പൂർത്തീകരിക്കുന്നതിനു കഴിഞ്ഞിട്ടുണ്ട്. പെയിൻ & പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി ഒരു കെട്ടിടം പൂർത്തീകരണ ഘട്ടത്തിലാണ്. കൂടാതെ ഹോമിയോ ആശുപത്രിക്കായി മികച്ച സൗകര്യങ്ങളോടു കൂടിയ കെട്ടിടം പണി പൂർത്തിയാക്കിയിട്ടുണ്ട്.

ഭരണസമിതി

പ്രസിഡന്റ്

വികസന കുതിപ്പിലേക്ക്

ശകുന്തള പി.
പ്രസിഡന്റ്

അപ്പർ കുട്ടനാട് എന്നറിയപ്പെടുന്ന വെച്ചൂർ ഗ്രാമപഞ്ചായത്ത് വയലുകൾ കൊണ്ട് സമ്പന്നവും വേമ്പനാട് കായലിനോട് ചേർന്ന് കിടക്കുന്നതും വികസനത്തിൽ ഏറെ പിന്നാക്കവുമായിരുന്നു. എന്നാൽ പഞ്ചായത്ത് ഇന്ന് വികസനക്കുതിപ്പിലാണ്.

2017-18 വർഷം, കാർഷിക ഗ്രാമമായ പഞ്ചായത്തിലെ സമഗ്ര നെൽകൃഷി വികസനത്തിനുള്ള പദ്ധതികൾ, പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം ലക്ഷ്യമിട്ടുകൊണ്ട് റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം, സമ്പൂർണ്ണ കുടിവെള്ള പദ്ധതി, വൈദ്യുതലൈൻ നീട്ടൽ,പഞ്ചായത്ത് ഓഫീസ് സൗകര്യം മെച്ചപ്പെടുത്തൽ, സോളാർ സംവിധാനം, ഘടക സ്ഥാപനങ്ങളുടെ സൗകര്യം മെച്ചപ്പെടുത്തൽ, ഭവന പുനരുദ്ധാരണപദ്ധതി, വിവാഹധനസഹായം, വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം, പഠനമുറി നിർമ്മാണം, ഗാർഹിക കുടിവെള്ള കണക്ഷൻ ധനസഹായം, വൃദ്ധർക്ക് കട്ടിൽ, വാട്ടർടാങ്ക് വിതരണം, കയർ പിരി യൂണിറ്റുകൾക്ക് വായ്പകൾ, പെണ്ണാട് വളർത്താൽ പദ്ധതി, പാലിയേറ്റീവ് പദ്ധതി, അംഗനവാടി മേഖലയിലെ വിവിധ പദ്ധതികൾ, ബയോഗ്യാസ് പദ്ധതി തുടങ്ങിയ പദ്ധതികൾക്കാണ് പഞ്ചായത്ത് രൂപം നല്കി നടപ്പിലാക്കിയത്.

ഭാരിച്ച വൈദ്യുതി ബിൽ കുറയ്ക്കുന്നതിലേക്കായി സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടുള്ളതും വെള്ളക്കരം കുറയ്ക്കുന്നതിലേക്കായി ഹൗസ് കണക്ഷൻ പ്രോത്സാഹിപ്പിക്കുന്നതിനും വാട്ടർ ടാങ്ക് വിതരണം, കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ എന്നീ പദ്ധതികളിലൂടെ സമ്പൂർണ്ണ കുടിവെള്ള സ്വയം പര്യാപ്ത ഗ്രാമമായി പഞ്ചായത്തിനെ മാറ്റുന്നതിനും ലക്ഷ്യമിടുന്നു.

പഞ്ചായത്തിന്റെ സമഗ്രമായ വികസനം ലക്ഷ്യ

ഭരണസമിതി

പ്രസിഡന്റ്

മിട്ടുകൊണ്ട് യാഥാർത്ഥ്യ ബോധത്തോടെയുള്ള പദ്ധതികൾക്ക് രൂപം നല്കി ഭരണസമിതിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെയും നിരന്തരമായ വിലയിരുത്തലുകളും പരിഹാര നിർദ്ദേശങ്ങളും സ്വീകരിച്ചു കൊണ്ടുള്ള വികസന തന്ത്രമാണ് പഞ്ചായത്ത് സ്വീകരിച്ചത്. അത് ഫലപ്രാപ്തിയിലെത്തിയെന്നാണ് 2017-18 വർഷത്തെ പദ്ധതി ചെലവ് തെളിയിക്കുന്നത്. പെപ്പർ ടൂറിസം പദ്ധതി, തൊഴിലുറപ്പ് പദ്ധതി എന്നിവയുമായി സംയോജിപ്പിച്ച് കൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് 2018-19ൽ പഞ്ചായത്ത് മുൻഗണന നല്കും. ഏപ്രിൽ മാസം തന്നെ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും ഗുണഭോക്തൃ ഗ്രാമസഭ, മരാമത്ത് പ്രവൃത്തികളുടെ സാങ്കേതിക അനുമതി വാങ്ങൽ, ടെൻഡറിങ്ങ് മുതലായവ സമയബന്ധിതമായി പൂർത്തീകരിച്ച് സെപ്റ്റംബർ മാസത്തോടുകൂടി പ്രവൃത്തികൾ പൂർത്തീകരിക്കു ന്നതിനും ലക്ഷ്യമിട്ടുന്നു.വരും വർഷങ്ങളിൽ ഘടക സ്ഥാപനങ്ങളിൽ ഉൾപ്പെടെ സോളാർ പാനലുകൾ സ്ഥാപിച്ച് പാരമ്പര്യേതര ഊർജ്ജം പ്രയോജനപ്പെടുത്തി വൈദ്യുതി ഉപയോഗത്തിൽ സ്വയം പര്യാപ്തത നേടുന്നതിനും ISO സർട്ടിഫിക്കേഷനിലൂടെ പഞ്ചായത്തിന്റെ ജനസേവന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ ഉൾപ്പെടുത്തുന്നതാണ്. ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പുകൾ, ഉദ്യോഗസ്ഥർ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തി ലൂടെയും ഏകോപനത്തിലൂടെയും വരും വർഷം പദ്ധതി പ്രവർത്തനങ്ങളിൽ നൂറുമേനി വിളയിക്കുന്നതിന് പഞ്ചായത്ത് ലക്ഷ്യമിടുന്നു.

ജീവനക്കാർ

കണിച്ചാർ ഗ്രാമ പഞ്ചായത്ത്

കൂടുതൽ കരുത്തോടെ മുന്നോട്ട്

സെലിൻ മാണി ചെമ്പരത്തിക്കൽ
പ്രസിഡന്റ്

കാണിച്ചാറിനെ കണ്ണൂർ ജില്ലയിലെ ഏറ്റവും പിന്നോക്കം നില്ക്കുന്ന പഞ്ചായത്തായി പരിഗണിച്ച് ലോകബാങ്കിന്റെ അധിക ധനസഹായ പദ്ധതിയിൽ നിന്നും 2 കോടി രൂപ അനുവദിച്ചിരുന്നു. പ്രസ്തുത തുക ഏറ്റവും ഫലപ്രദമായി വിനിയോഗിക്കുവാൻ സാധിച്ചു എന്ന് മാത്രമല്ല പ്രവർത്തികളുടെ ടെണ്ടർ സേവിംഗ്സ് പൂർണമായും ഉപയോഗപ്പെടുത്തിയും വാർഷിക പദ്ധതിയുടെ ഫണ്ട് വിനിയോഗം യഥാസമയം നടത്തിയും മുന്നേറാൻ കഴിഞ്ഞു.

പഞ്ചായത്ത് ഭരണസമിതിയുടെയും സെക്രട്ടറി ഉൾപ്പെടെയുള്ള ജീവനക്കാരുടെയും ഒറ്റക്കെട്ടായ പ്രവർത്തനമാണ് നേട്ടങ്ങൾ കൈവരിക്കുവാൻ പ്രാപ്തമാക്കിയത്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിലയേറിയ സമയം നഷ്ടപ്പെടുത്താതെ അവരുടെ ഓഫീസുകളിൽ നിരന്തരം സന്ദർശനം നടത്തി വേണ്ട നിർദ്ദേശങ്ങൾ കൊടുത്തും അവരുടെ അഭിപ്രായങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ടുമുള്ള പ്രവർത്തനമാണ് നടത്തിയിട്ടുള്ളത്. കൂടാതെ കൃത്യമായി സ്റ്റാഫ് മീറ്റിംഗും വിളിച്ചു ചേർക്കുന്നുണ്ട്.

വ്യാപാരി വ്യവസായികൾ ഉൾപ്പെടെ മുഴുവൻ ആൾക്കാരുടെയും യോഗം വിളിക്കുകയും അവരുടെ സഹകരണം ഉറപ്പുവരുത്തുകയും ചെയ്തിരുന്നു. ഇത് നികുതി പിരിവിനും ലൈസൻസ് പുതുക്കലിനും പ്ലാസ്റ്റിക്ക് നിരോധനത്തിനും ശുചീകരണം നടത്തുന്നതിനും ഗുണം ചെയ്തു.

ഓണം, വിഷു, ക്രിസ്തുമസ്, റംസാൻ,പുതുവർഷം പോലുള്ള വിശേഷ ദിവസങ്ങളിൽ പഞ്ചായത്തിന് കൈമാറികിട്ടിയ മുഴുവൻ ജീവനക്കാരെയും പങ്കെടുപ്പിച്ചുകൊണ്ട് ആഘോഷ പരിപാടികൾ നടത്തുന്നുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിലൂടെ നിർവ്വഹണ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും കൂടുതൽ കർമ്മോത്സുകരാക്കാൻ കഴിഞ്ഞു.

കണിച്ചാർ ഗ്രാമപഞ്ചായത്ത് 30 ലേറെ കോളനികളുള്ള ഒരു പ്രദേശമാണ്.ഇവരുടെ ക്ഷേമം ഉറപ്പുവരുത്തുക എന്നത് പഞ്ചായത്ത് ഒരു വെല്ലുവിളിയായി ഏറ്റെടുക്കുകയാണുണ്ടായത്. പ്രമോട്ടർമാരെ ഉപയോഗിച്ച് അവർക്ക് ഇണങ്ങുന്ന തരത്തിലുള്ള പദ്ധതികളായിരുന്നു തിരഞ്ഞെടുത്തിരുന്നത്. വീട് വാസയോഗ്യമാക്കൽ, കുടിവെള്ള കിണർ, വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, പ്രഭാത ഭക്ഷണം, യാത്രാ സൗകര്യം, കറവപ്പശു വിതരണം, ആട് വിതരണം സൈക്കിൾ വിതരണം, മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയ പദ്ധതികൾ വഴി ഈ മേഖലയുടെ ഫണ്ട് വിനിയോഗം പൂർണമാക്കി.

ഭരണസമിതി

പ്രസിഡന്റ്

പഞ്ചായത്ത് ബസ് സ്റ്റാന്റ് നിർമ്മാണം എടുത്ത് പറയത്തക്ക നേട്ടമാണ്. ഇത് കൂടാതെ പൂളക്കുറ്റി ഹോമിയോ ആശുപത്രിയും പൂളക്കുറ്റി, കൊളക്കാട്, നെല്ലിക്കുന്ന് അംഗണവാടികളും നിർമ്മിക്കുവാൻ കഴിഞ്ഞുവെന്നുള്ളത് നേട്ടമായി. കാർഷിക മേഖലയ്ക്ക് പുതിയൊരു പദ്ധതിയായി ഗ്രോബാഗിന് പകരമായി ഗ്രോചട്ടി നല്കിക്കൊണ്ട് പച്ചക്കറി കൃഷി നടത്തുന്നതിന് അവസരമൊരുക്കിയിരിക്കുകയാണ്. രണ്ട് സന്ദേശം ഇതിലൂടെ നല്കുന്നു ഒന്ന്, പ്ലാസ്റ്റിക്ക്‌രഹിത മാർഗ്ഗം. മറ്റൊന്ന് കീടനാശിനിയില്ലാത്ത പച്ചക്കറി.

കാർഷിക മേഖലയ്ക്ക് വേറിട്ടൊരു പദ്ധതി എന്ന നിലയിൽ ജാതി ബഡ് തൈകളുടെ വിതരണം കർഷകർ ഏറെ താല്പര്യത്തോടുകൂടി ഏറ്റെടുത്തു. മറ്റൊരു നൂതന പദ്ധതിയായി മാംപ്പുരച്ചാലിൽ ഗ്രാമകേന്ദ്രം നിർമ്മിച്ച് പഞ്ചായത്തിൽ ആദ്യമായി ഇത്തരത്തിൽ ഒരു കേന്ദ്രം സ്ഥാപിച്ചു. വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്തുകൊണ്ടുള്ള പദ്ധതി കഴിഞ്ഞ സാമ്പത്തിക വർഷം വിജയകരമായി നടപ്പിലാക്കി. അതുപോലെ ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സി കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുക വഴി ആരോഗ്യ മേഖലയ്ക്ക് പ്രത്യേക പരിഗണന നല്കുകയുണ്ടായി. പ്ലാസ്റ്റിക്ക് നിരോധനത്തിന്റെ ആദ്യ പടിയായി എല്ലാ വീടുകളിലും തുണി സഞ്ചി നല്കി. ഹരിത കേരളം പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ പ്രധാനപ്പെട്ട പുഴയായ ബാവലിപ്പുഴയുടെ തീരങ്ങളിൽ മുളതൈ നട്ടുപിടിപ്പിക്കുന്ന പ്രവൃത്തിക്ക് തുടക്കം കുറിച്ചിരിക്കു കയാണ്

പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും പ്രയോജനം ലഭിക്കുന്ന പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തുകൊണ്ട് വരുംകാലങ്ങളിലും കൂടുതൽ കരുതലോടെയും കരുതലോടെയും പ്രവർത്തനം നടത്തുന്നതാണ്.

നിർവഹണോദ്യോഗസ്ഥരും ജീവനക്കാരും

പ്രവർത്തനകലണ്ടർ വിജയത്തിനാധാരം

എസ്.റ്റി. അഗസ്റ്റിൻ
പ്രസിഡന്റ്

ഭരണസമിതി

പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഏറ്റെടുത്ത പദ്ധതികൾ മുഴുവനും നടപ്പിലാക്കുന്നതിനും കാമാക്ഷി ഗ്രാമപഞ്ചായത്തിന് സാധിച്ചു എന്നത് വലിയ നേട്ടമായി ഞങ്ങൾ കാണുന്നു. അടുക്കും ചിട്ടയോടും ഒരുമയോടുംകൂടിയ പ്രവർത്തനമാണ് വിജയത്തിന് പിന്നിൽ. പദ്ധതി രൂപീകരണത്തിന്റെ പ്രാരംഭം മുതൽ തന്നെ പ്രവർത്തന കലണ്ടർ സജ്ജമാക്കുകയും നിർദ്ദിഷ്ട സമയക്രമമനുസരിച്ച് പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനും ശ്രമിച്ചു. ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ഒരുമയാണ് ഏതൊരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും വിജയം.

സ്റ്റാൻഡിംഗ് കമ്മിറ്റികൾ യഥാസമയം ചേരുന്നതും പദ്ധതി പ്രവർത്തനം വിലയിരുത്തുന്നതും പദ്ധതി നിർവ്വഹണത്തിന്റെ പ്രധാന ഘടകങ്ങളിലൊന്നാണ്. നിർവ്വഹണ ഉദ്യോഗസ്ഥരുടെയും കരാറുകാരുടെയും യോഗങ്ങൾ യഥാവിധി വിളിച്ച് ചേർക്കുകയും മോണിറ്ററിംഗ് നടത്തുകയും ചെയ്യുന്നതും പദ്ധതി നിർവഹണത്തിന്റെ പ്രധാന പ്രവർത്തനങ്ങളിലൊന്നാണ്. സാധാരണ ഗതിയിൽ നിർവ്വഹണത്തിന് പ്രയാസം വരുവാൻ സാദ്ധ്യതയുള്ള പദ്ധതികൾ കാലേക്കൂട്ടി മനസ്സിലാക്കി ഒഴിവാക്കുന്നതും പട്ടികജാതി പട്ടികവർഗ്ഗ പദ്ധതികൾ ശ്രദ്ധാപൂർവ്വം തെരഞ്ഞെടുക്കുന്നതും ശ്രദ്ധിച്ചാൽ നിർവ്വഹണം എളുപ്പമാകും. 2018-19 വാർഷിക പദ്ധതിയിൽ ഊന്നൽ നല്കിയിരിക്കുന്നത് ജലസംരക്ഷണവും മാലിന്യസംസ്കരണവുമാണ്. ജലസംരക്ഷണത്തിന്റെ ഭാഗമായി കിണറുകളുടെ റീചാർജിംഗ് ആരംഭിക്കുന്നതിന്റെ മുന്നോടിയായി 'ജലവാഹിനി' എന്ന പേരിൽ 2017-18 ൽ തന്നെ ബോധവത്ക്കരണ സെമിനാറും മറ്റ് പ്രവർത്തനങ്ങളും പദ്ധതി രൂപീകരണത്തിന് മുമ്പേ തന്നെ നടത്തിയിരുന്നു.

പ്രസിഡന്റ്

മാലിന്യനിർമ്മാർജനത്തിനും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ പുതുതായി ഏറ്റെടുത്തിട്ടുണ്ട്. വർഷം മുഴുവൻ ശുദ്ധമായ പച്ചക്കറിയുല്പാദനം ഉറപ്പാക്കുന്നതിനായി എല്ലാ വീടുകളിലും വർഷത്തിൽ രണ്ട് തവണ പച്ചക്കറി തൈകൾ വിതരണം ചെയ്യുന്ന പ്രോജക്റ്റ് നടപ്പാക്കുന്നുണ്ട്.

ജീവനക്കാർ

മാതൃകാപദ്ധതികളുമായി ഉദയഗിരി

മിനിമാത്യു
പ്രസിഡന്റ്

കണ്ണൂർ ജില്ലയിൽ കർണ്ണാടക അതിർത്തിയോട് ചേർന്ന് കിടക്കുന്ന മലയോര പഞ്ചായത്താണ് ഉദയഗിരി. കർഷകരും കർഷകതൊഴിലാളികളും ആദിവാസികളും ഉൾപ്പെടുന്ന ഭൂരിപക്ഷം ജനങ്ങളും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പഞ്ചായത്താണ് ഉദയഗിരി. ആരോഗ്യമേഖലയിലെയും ഗതാഗത മേഖലയിലെയും അസൗകര്യങ്ങൾ വളരെയേറെ ആയിരുന്നു. തനത് ഫണ്ട് വളരെയേറെ കുറവായിരുന്നതിനാലും പദ്ധതി വിഹിതം ഈ മേഖലകളിൽ വേണ്ടത്ര ലഭ്യമല്ലാത്തതിനാലും പഞ്ചായത്തിന് സ്വന്തമായി ആശുപത്രി കെട്ടിടങ്ങൾ നിർമ്മിക്കുവാൻ സാധിച്ചിരുന്നില്ല. ഉദയഗിരി ഗ്രാമപഞ്ചായത്തിലെ പ്രധാന ആതുര ശുശ്രൂഷ കേന്ദ്രങ്ങളായ ഉദയഗിരി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് ഒ. പി കെട്ടിടവും കാർത്തികപുരം ഹോമിയോ ആയുർവേദ ആശുപത്രികൾക്ക് സ്വന്തമായി കെട്ടിടങ്ങളും ഉണ്ടായിരുന്നില്ല. 2016-17 വർഷം ലോകബാങ്ക് ധനസഹായത്തോടെ പദ്ധതിയിൽ ഉൾപ്പെടുത്തി 2 കോടി രൂപ അധിക ധനസഹായമായി ലഭിച്ചു. ഈ തുക ഉപയോഗിച്ച് പഞ്ചായത്ത് ഭരണസമിതി ഏറ്റവും അടിയന്തര പ്രാധാന്യം നൽകി ഉദയഗിരി പി.എച്ച്.സി ക്ക് പുതിയ ഒ. പി കെട്ടിടവും കാർത്തികപുരം ഹോമിയോ ആയുർവേദ ആശുപത്രി കെട്ടിടവും നിർമ്മിക്കുന്നതിന് തീരുമാനിച്ചു. 2017-18 വർഷം ഈ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുകയും ഉദയഗിരി പി.എച്ച്.സി ഒ. പി കെട്ടിടം കേരള ആരോഗ്യ വകുപ്പ് മന്ത്രി കെ. കെ ഷൈലജ ടീച്ചറും കാർത്തികപുരം





ഭരണസമിതിയും ജീവനക്കാരും

പ്രസിഡന്റ്

ഹോമിയോ ആയുർവേദ ആശുപത്രി കെട്ടിടം പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയും ഉദ്ഘാടനം ചെയ്യുകയുണ്ടായി.

വികസന കാര്യത്തിൽ 2017-18 വർഷം ഉദയഗിരി ഗ്രാമപഞ്ചായത്തിന് ഏറ്റവും മികച്ച വർഷമാണ്. പദ്ധതി വിഹിതം ഉപയോഗിച്ച് കാർഷിക മേഖലയിലും പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉന്നമനത്തിനും വിവിധ പദ്ധതികൾ നടപ്പിലാക്കി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ഹരിതകേരളം പദ്ധതി എന്നിവയിൽ നിരവധി മാതൃകാപരമായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയിലെ പ്രധാന പുഴകളിലൊന്നായ കുപ്പം പുഴയുടെ ഭാഗമായ കാർത്തികപുരം പുഴയുടെ 4 ഏക്കറോളം തുരുത്തിൽ മുള വെച്ചു പരിപാലിച്ചു വരുന്നു. ഹരിതകേരളം പദ്ധതിയിൽ മാതൃകാപരമായ പ്രവൃത്തിയായി ഇതിനെ പരക്കെ അംഗീകരിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ മഴക്കുഴി, കിണർ റീചാർജിംഗ്, കല്ല് കയ്യാല, കിണർ നിർമ്മാണം, തൊഴുത്ത് നിർമ്മാണം, പുഴകളിൽ തടയണ എന്നിവ നിർമ്മിച്ചതിലൂടെ മികച്ച പ്രവർത്തനം കാഴ്ചവെയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്. തളിപ്പറമ്പ് ബ്ലോക്കിൽ മികച്ച രീതിയിൽ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്ന ഒരു പഞ്ചായത്താണ് ഉദയഗിരി. കൂടാതെ 2017-18 വർഷം 100% നികുതി പിരിവ് കൈവരിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

ഗുണനിലവാരം മെച്ചപ്പെടുത്തി മുന്നോട്ട്

ബിന്ദുകൃഷ്ണദാസ്
പ്രസിഡന്റ്

സർക്കാർ മേഖലയിലെ 3 ചികിത്സാ സമ്പ്രദായങ്ങളുടെയും സേവനങ്ങളെ ഒരേ സ്ഥലത്ത് കേന്ദ്രീകരിച്ച് നടപ്പിലാക്കിയ ആരോഗ്യസമുച്ചയം പിന്നോക്ക പഞ്ചായത്തായ കേരളശ്ശേരിയുടെ ഈ വർഷത്തെ മാതൃകാ പദ്ധതിയാണ്. അലോപ്പതി (പ്രാഥമികാരോഗ്യകേന്ദ്രം), ആയുർവ്വേദ (ഡിസ്പെൻസറി), ഹോമിയോ (ഡിസ്പെൻസറി) എന്നിവയാണ് നിലവിൽ ഒന്നിച്ച് ഒരേ കോമ്പൗണ്ടിൽ പ്രവർത്തിക്കുന്നത്. പി.എച്ച്.സി. കോമ്പൗണ്ടിൽ നേരത്തെ തന്നെ പഞ്ചായത്ത് നിർമ്മിച്ച കെട്ടിടത്തിൽ ഹോമിയോ ഡിസ്പെൻസറിയും പ്രവർത്തിച്ചുവരുന്നു. ലോകബാങ്ക് നിർമ്മിച്ച പുതിയ കെട്ടിടത്തിലേക്ക് ആയുർവ്വേദ ഡിസ്പെൻസറിയും ഈ വർഷം മാർച്ച് 18 മുതൽ പ്രവർത്തനം ആരംഭിച്ചതോടെ ആരോഗ്യസമുച്ചയം എന്ന സ്വപ്നം സാക്ഷാത്ക്കരിച്ചു.

ലോകബാങ്ക് സഹായ

ജീവനക്കാർ

ഭരണസമിതി

ത്തോടെ പഞ്ചായത്തിന്റെ സ്ഥലത്ത് 382 ച.മി. വിസ്തീർണ്ണത്തിൽ കമ്മ്യൂണിറ്റിഹാൾ നിർമ്മാണം പൂർത്തിയാക്കാൻ കഴിഞ്ഞതും ഈ വർഷം തന്നെ. പൊതുമരാമത്തുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തികളും കൃത്യ സമയത്തുതന്നെ തുടങ്ങുന്നതിനും പൂർത്തീകരിക്കുന്നതിനും സാധിച്ചു.

വികസനകാര്യത്തിൽ രാഷ്ട്രീയവ്യത്യാസം മറന്ന് പിന്നോക്കം നില്ക്കുന്ന പഞ്ചായത്തിനെ മറ്റ് മുന്നോക്ക പഞ്ചായത്തുകളുടെ നിലവാരത്തിലേക്ക് എത്തിക്കുക എന്ന മഹത്തായ ലക്ഷ്യം നേടുന്നതിന് പഞ്ചായത്ത് ഭരണസമിതി ഒറ്റക്കെട്ടായി പ്രവർത്തിച്ചു എന്നതാണ് അഭിമാനകരമായ നേട്ടം. ഇതിനു പിന്തുണ നല്കുന്ന രീതിയിൽതന്നെ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പരിമിതികൾക്കുള്ളിലും പരമാവധി പഞ്ചായത്തിനെ സഹായിച്ചു എന്നതും പ്രസ്താവ്യം തന്നെ.

പദ്ധതികളുടെ എണ്ണം വർദ്ധിച്ചതു കൊണ്ടുമാത്രം ഉദ്ദേശിച്ച ഗുണഫലം ലഭിക്കുന്നില്ല എന്ന തിരിച്ചറിവ്, ഈ സാമ്പത്തിക വർഷം പദ്ധതി രൂപീകരണത്തിന് ചില മാറ്റങ്ങൾ ഉൾക്കൊള്ളാൻ ഭരണസമിതിയെ പ്രേരിപ്പിച്ചിട്ടുണ്ട്. അതിനാൽ എണ്ണം കുറച്ച് നിലവാരം കൂട്ടി കൂടുതൽ ജനങ്ങൾക്ക് വികസനം ലഭ്യമാകുന്ന രീതിയിൽ സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുക എന്നതാണ് ഇപ്പോഴത്തെ നയസമീപനം.

പ്രസിഡന്റ്

ചെലവഴിക്കാം ജനങ്ങൾക്കായി

ആഷിദ
പ്രസിഡന്റ്

ജനമനസ്സുകളെ തൊട്ടറിഞ്ഞ് നടപ്പാക്കിയ പദ്ധതികളിലൂടെ ഒരുമനയൂർ ഗ്രാമപഞ്ചായത്ത് 2017-18 ൽ അഭിമാനനേട്ടം കൈവരിച്ചു.

പഞ്ചായത്തിന്റെ കമ്മ്യൂണിറ്റി ഹാൾ നവീകരണം, കമ്മ്യൂണിറ്റി ഹാൾ സോളാർ പാനൽ, കമ്മ്യൂണിറ്റി ഹാൾ ഖരമാലിന്യ സംസ്കരണം, ആർട്ട് ഫിൽട്ടറേഷൻ വഴി ജലശുദ്ധീകരണ സംവിധാനം എന്നീ പദ്ധതികൾ നടപ്പിലാക്കിയതിന്റെ ഫലമായി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുവാൻ സാധിച്ചു. ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപി ച്ചതുവഴി മലിനീകരണം ഒരു പരിധിവരെ തടയുവാൻ സാധിച്ചിട്ടുണ്ട്.ആർട്ട് ഫിൽട്ടർ സ്ഥാപിച്ചതു വഴി ശുദ്ധമായ കുടിവെള്ളം ജനങ്ങൾക്ക് നല്കുവാൻ സാധിച്ചു. സോളാർ പാനൽ ഓൺ ഗ്രിഡ് സംവിധാനത്തിലൂടെ സ്ഥാപിച്ചതുവഴി അധികം വരുന്ന വൈദ്യുതി കെ എസ് ഇ ബി ക്ക് നല്കാനും സാധിച്ചു. നിലവിലുള്ള ശ്മശാനം ആധുനിക രീതിയിലുള്ള വാതക ശ്മശാനമായി

പ്രസിഡന്റ്

ഭരണസമിതി

രൂപാന്തരപ്പെടുത്തി. പഞ്ചായത്തിൽ ശിശു സൗഹൃദ അങ്കണവാടി ഈ ഫണ്ടിൽ നിന്നും വകയിരുത്തി നിർമ്മിച്ചു. എസ് സി വിഭാഗത്തിലുള്ള കുട്ടിക ൾക്കായി ലാപ്ടോപ്പ്, ഫർണിച്ചർ, സൈക്കിൾ എന്നിവ നല്കി. രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന പഞ്ചായത്തിൽ എസ് സി വിഭാഗങ്ങൾക്ക് വെള്ളം സംഭരിക്കുന്നതിനായി ഫൈബർ ടാങ്ക് നല്കി. വയോജനങ്ങൾക്കായി കട്ടിൽ നല്കി. മാലിന്യസംസ്കരണത്തിനായി ബയോഗ്യാസ്, കിച്ചൻബിൻ, പോട്ട് കമ്പോസ്റ്റ്, എന്നീ പ്രവർത്തികൾ നടപ്പിലാക്കി.

ജീവനക്കാർ

വേൾഡ് ബാങ്ക് വിഹിതമായി 2 കോടി രൂപ പഞ്ചായത്തിന് അനുവദിച്ചതിൽ 6325000 രൂപ കേരള വാട്ടർ അതോറിറ്റി ഗാർഹിക കണക്ഷനും ലൈൻ എക്സ്റ്റൻഷനും അടക്കം 289 ഗുണഭോക്താക്കൾക്ക് ഹൗസ് കണക്ഷനുകൾ നല്കി 13 വാർഡുള്ള പഞ്ചായത്തിന്റെ 6 വാർഡുകളിൽ സമ്പൂർണ്ണ കുടിവെള്ള കണക്ഷൻ നല്കാൻ സാധിച്ചു.

സമഗ്രവിജയത്തിന്റെ കയ്യൊപ്പ്

എൻ.കെ. ഷൗക്കത്തലി
പ്രസിഡന്റ്

2017-18 വർഷത്തെ പദ്ധതി വിഹിതം കൃത്യമായി പൂർണ്ണ തോതിൽ വിനിയോഗിക്കാൻ സാധിച്ചു. പാർശ്വവല്ക്കരിക്കപ്പെട്ടവർക്കും പ്രത്യേക പരിഗണന നിർബന്ധമായും ആവശ്യമുള്ളവർക്കും അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ കഴിഞ്ഞു. ശുചിത്വം, പ്രകൃതി സംരക്ഷണം, പ്ലാസ്റ്റിക് നിർമ്മാർജ്ജനം, ജൈവകൃഷി പ്രോത്സാഹനം, കുടിവെള്ളം എന്നീ മേഖലകളിലും സ്വയം പര്യാപ്തത കൈവരിക്കാൻ സാധിച്ചു ഊർങ്ങാട്ടിരി ഗ്രാമപഞ്ചാ യത്തിന്റെ വിജയകാരണം ഇതൊക്കെയാണ്.

പഞ്ചായത്ത് ഈ വർഷം നടപ്പിലാക്കിയ പ്രത്യേക പദ്ധതികൾ താഴെ പറയുന്നു

വയോസ്മിതം

വയോജനങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനായി നടപ്പിലാക്കിയതാണ് വയോസ്മിതം പദ്ധതി. അവർക്ക് ഒത്തുചേരുന്നതിനും അനുഭവങ്ങൾ പങ്കുവെയ്ക്കുന്നതിനും അവസരമുണ്ടാക്കുകയും മാനസികോല്ലാസ യാത്രകൾ സംഘടിപ്പിക്കുകയും ചെയ്തു. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്കായി ചെറുകിട വ്യവസായ പരിശീലനം നല്കി മെച്ചപ്പെട്ട ജീവിതം നയിക്കുന്നതിനും സാഹചര്യം ഒരുക്കി. പ്രസ്തുത പദ്ധതിയിൽ പ്രചോദനം ഉൾക്കൊണ്ട് അവർ പഞ്ചായത്തിലെ പൊതു പരിപാടികളിൽ സജീവമായി പങ്കെടുക്കുന്നു.

തുടി

(Tribal Heritage & Urangattiri Development Initiative)

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജീവിത രീതി മികവുറ്റതാക്കുക എന്ന ലക്ഷ്യത്തോടെ കൃഷി, സ്വയം തൊഴിൽ, വിദ്യാഭ്യാസം, സാംസ്കാരികം, ആരോഗ്യം, എന്നീ മേഖലകളിൽ സമഗ്ര പുരോഗതിക്കുള്ള പദ്ധതി നടപ്പിലാക്കി. യുവാക്കൾക്ക് പ്രഥമ പരിഗണന നല്കി പദ്ധതിയുടെ ആസൂത്രണത്തിലും സംഘാടനത്തിലും നടത്തിപ്പിലും അവരുടെ ഇടപെടലുകൾ ഉറപ്പാക്കിയതിനാലാണ് "തുടി" പട്ടികവർഗ്ഗമേഖലയിൽ ഏറെ സ്വീകാര്യമായത്.

ജൈവകൃഷി മാതൃകാ വിദ്യാലയം

പഞ്ചായത്തിലെ വെറ്റിലപ്പാറ ഗവ. ഹൈസ്കൂളിനെ മാതൃകയാക്കി കൊണ്ട് വിദ്യാർത്ഥികളുടെ ഇടയിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പിലാക്കിയ പദ്ധതി സംസ്ഥാന തലത്തിൽ പുരസ്കാരത്തിന് അർഹമായി.

ജലസംരക്ഷണം വിദ്യാർത്ഥികളിലൂടെ

പഞ്ചായത്തിലെ ഓടക്കയം ഗവ. യു പി സ്കൂളിൽ നടപ്പിലാക്കിയ ജലസുരക്ഷാ പദ്ധതി ലോകബാങ്കിന്റെ പ്രതിനിധികളുടെ മികച്ച പ്രവർത്തനത്തിനുള്ള അംഗീകാരം നേടി. സ്കൂളിലെ ജലസുരക്ഷാ സേനയുടെ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിനെ സമ്പൂർണ്ണ ജലസുരക്ഷാ പഞ്ചായത്ത് എന്ന ലക്ഷ്യത്തിലേക്കാണ് നയിക്കുന്നത്.

കരുതണം നാളേക്കായി ...(ജല സംഭരണ മാതൃകകൾ നിർമ്മിക്കൽ)

കൃഷി വകുപ്പുമായി സഹകരിച്ച് ഓരോ വാർഡിലും ഓരോ അയൽസഭാ പ്രദേശങ്ങളിലും മാതൃകാ മഴവെള്ള സംഭരണികൾ നിർമ്മിക്കുകയും അത് മറ്റു പ്രദേശങ്ങളിലെ ജനങ്ങൾക്ക് സ്വന്തം സ്ഥലത്ത് ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്താൻ പ്രചോദനമാവുകയും ചെയ്തു.

SCP, TSP ഫണ്ടുകളുടെ വിനിയോഗം പൂർണ്ണമായി നടപ്പിലാക്കുന്നതിന് വാർഡുതലങ്ങളിൽ ഓരോ 2 ആഴ്ചകൂടുമ്പോഴും പദ്ധതി നിർവ്വഹണ അവലോകന യോഗം വാർഡ് മെമ്പറുടെ സാന്നിദ്ധ്യത്തിൽ ചേരുകയും മാസത്തിലൊരിക്കൽ നടക്കുന്ന പഞ്ചായത്തുതല അവലോകന യോഗത്തിൽ പുരോഗതി ചർച്ച ചെയ്യുകയും പോരായ്മ ഉണ്ടെങ്കിൽ

പ്രസിഡന്റ്

സെക്രട്ടറി അടക്കമുള്ള ഉദ്യോഗസ്ഥർ ബന്ധപ്പെട്ട ആളുകളുമായി നടപടികൾ നേരിട്ട് വിലയിരുത്തി പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നു. ജനങ്ങൾക്കും പദ്ധതിയുടെ പുരോഗതിയെക്കുറിച്ച് ആക്ഷേപങ്ങളോ, നിർദ്ദേശങ്ങളോ ഉണ്ടെങ്കിൽ അത് പഞ്ചായത്ത് പ്രസിഡന്റിനെയും സെക്രട്ടറിയെയും അറിയിക്കുന്നതിന് സംവിധാനമുണ്ട്.

വരും വർഷം പദ്ധതികളുടെ മേഖലാ അടിസ്ഥാനത്തിൽ 5 അംഗ വിദഗ്ധസമിതി രൂപീകരിക്കുകയും പദ്ധതി നിർവ്വഹണം RBM (Result based Management) മാതൃകയിലാവുകയും ചെയ്യും. വർക്കിംഗ് ഗ്രൂപ്പ് യോഗം മുതൽ പദ്ധതി അംഗീകാരം ലഭ്യമാകുന്നത് വരെയും ഓരോ പദ്ധതിയുടെയും വിവിധ തലങ്ങളിലുള്ള ഉദ്ദേശ ലക്ഷ്യങ്ങൾ ഗ്രാമപഞ്ചായത്ത് വിഭാവനം ചെയ്യും. ഓരോ പദ്ധതി നിർവ്വഹണത്തിലും എല്ലാ ഘട്ടങ്ങളും പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിലൂടെ പദ്ധതികൾക്ക് കൃത്യമായ സാമ്പത്തിക അച്ചടക്കവും വികസനത്തിൽ സാമൂഹിക മാറ്റം ഉറപ്പു വരുത്തലു സാധിക്കും.

പുരോഗതിയുടെ പടവുകളിൽ

മായ മുരളീധരൻ
പ്രസിഡന്റ്

2017-18 വർഷത്തെ പദ്ധതി നിർവ്വഹണത്തിൽ 144.51 ശതമാനം പുരോഗതി കൈവരിക്കാൻ കുത്തനൂർ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

കുത്തനൂർ ഗ്രാമപഞ്ചായത്തിന്റെ വികസന കാര്യങ്ങളിൽ ഒറ്റക്കെട്ടായി ഭരണസമിതിയും പരിപൂർണ സഹകരണ മനോഭാവത്തോടെ പ്രവർത്തിക്കുന്ന നിർവ്വഹണ ഉദ്യോഗസ്ഥരും ഉള്ളതിനാലാണ് കുത്തനൂർ ഗ്രാമപഞ്ചായത്തിന് ഈ നേട്ടം കൈവരിക്കാൻ സാധിച്ചത്.

ഓരോ മാസവും ആദ്യ ആഴ്ചയിൽത്തന്നെ എല്ലാ മെമ്പർമാരുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും യോഗം ചേർന്ന് പദ്ധതികളുടെ നിർവ്വഹണത്തെ സംബന്ധിച്ച് ചർച്ച ചെയ്യുകയും വിലയിരുത്തുകയും ചെയ്തിരുന്നു. അതോടൊപ്പം ഗവണ്മെന്റ് നിർദ്ദേശ പ്രകാരം ഓരോ പാദവർഷങ്ങളിലും നിർവ്വഹണം നടത്തേണ്ട പദ്ധതി തുകകളുടെ വിലയിരുത്തൽ, പദ്ധതി നിർവ്വഹണത്തിന് തടസ്സമായി വരുന്ന പ്രശ്നങ്ങളുടെ നിർദ്ധാരണത്തിനുതകുന്ന വിധത്തിൽ മെമ്പർമാർ നടത്തിയിരുന്നു. അതുപോലെ പദ്ധതി നിർവ്വഹണ സമയത്ത് ഗുണഭോക്താക്കളെ ലക്ഷ്യത്തിലെത്തിക്കാൻ വാർഡ് മെമ്പർമാർ അവരെ പ്രത്യേകം സഹായിച്ചിരുന്നു.

ലോകബാങ്കിന്റെ ഫണ്ട് ലഭിച്ചത് കുത്തനൂർ ഗ്രാമപഞ്ചായത്തിന് ഒരനുഗ്രഹമായിട്ടുണ്ട്. കുഴൽമന്ദം ബ്ലോക്കിലെ 7 പഞ്ചായത്തുകളിൽ ഏറ്റവും പിന്നോക്കമായ (സാമ്പത്തികമായും വിദ്യാഭ്യാസപരമായും) പഞ്ചായത്താണിത്. കെട്ടിട നികുതിയും തൊഴിൽ നികുതിയും ഇല്ലാതെ

ഭരണസമിതി

യാതൊരു വരുമാനവും ഈ പഞ്ചായത്തിൽ ഇല്ല.

അതുകൊണ്ട് ലോകബാങ്കിന്റെ ധനസഹായംകൊണ്ട് കുത്തനൂർ ഗ്രാമവാസികളുടെ ഏറ്റവും വലിയ സ്വപ്നമായിരുന്ന ഒരു നൂതന പ്രോജക്ടായ ഹൈടെക് മാതൃകയിലുള്ള ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിക്കാൻ സാധിച്ചു. പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ സബ്സെന്റർ തോലനൂരിൽ 15 ലക്ഷം രൂപ ചെലവിൽ പുതിയതായി പണി കഴിപ്പിച്ചു. ഗ്യാസ് ക്രിമറ്റോറിയത്തിന്റെ അവസാന സേവിംഗ്സ് ഫണ്ട് കൊണ്ട് ഗ്യാസ് ക്രിമറ്റോറിയത്തിലേക്കുള്ള അപ്രോച്ച് റോഡ് ഇന്റർലോക്ക് ചെയ്ത് പണി പൂർത്തിയാക്കിയിട്ടുണ്ട്.

അതുപോലെ കർഷകരുടെ ക്ഷേമത്തിന് തെയ്യാണ്ടിക്കടവിലും കാക്കറക്കുണ്ടിലും രണ്ടു ചെക്കുഡാമുകൾ നിർമ്മിക്കാൻ സാധിച്ചു.

തെയ്യാണ്ടിക്കടവ് ചെക്ക് ഡാം നിർമ്മിക്കുക വഴി 45 ഹെക്ടർ സ്ഥലത്തും കാക്കറക്കുണ്ട് ചെക്ക് ഡാം നിർമ്മിക്കുക വഴി 50 ഹെക്ടർ സ്ഥലത്തും അത്രയും തന്നെ സ്ഥലം പെരുങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്കും ഉപകരിക്കത്തക്കവിധത്തിൽ ജലസേചന സൗകര്യം നിലവിൽവന്നു. അതോടൊപ്പം ആധുനിക രീതിയിലുള്ള രണ്ട് അങ്കണവാടികൾ കോതമംഗലത്തും കാരക്കോട്ടും സ്ഥാപിക്കുവാൻ സാധിച്ചിട്ടുണ്ട്. പ്ലാൻ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് എല്ലാ വാർഡിലും വികസന

പ്രസിഡന്റ്

പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. വ്യക്തിഗത ഗുണഭോക്താക്കളുടെ കാര്യത്തിലും ധാരാളം പേർക്ക് ഗുണപ്രദമായ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിയിട്ടുണ്ട്.

ജീവനക്കാർ

പ്രതിസന്ധികളെ അതിജീവിച്ച് മുൻപിൽ

ക്രിസ്റ്റി സൈമൺ
പ്രസിഡന്റ്

തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് ബ്ലോക്കിൽ അറബിക്കടലിനും അഞ്ചുതെങ്ങ് കായലിനും മദ്ധ്യേ സ്ഥിതിചെയ്യുന്നതും 3.36 ച.കി.മീ.മാത്രം വിസ്തീർണ്ണമുള്ളതുമായ ഒരു പഞ്ചായത്താണ് അഞ്ചുതെങ്ങ്. അഞ്ചുതെങ്ങ് കോട്ട, ലൈറ്റ് ഹൗസ് തുടങ്ങിയ ചരിത്രസ്മാരകങ്ങളും കുമാരനാശാന്റെ ജന്മസ്ഥലമായ കായിക്കരയും ഈ പഞ്ചായത്തിലാണ്. ജനസംഖ്യയിലേറിയ പങ്കും മത്സ്യബന്ധനവും അനുബന്ധതൊഴിലുകളും കൊണ്ട് ഉപജീവനം നടത്തുന്നവരാണ്. ഏകദേശം 23000 ജനസംഖ്യയുള്ള ഈ പഞ്ചായത്തിനെ ഏഷ്യയിലെ തന്നെ ജനസാന്ദ്രതയേറിയ പ്രദേശങ്ങളിലൊന്നായാണ് കണക്കാക്കിയിരിക്കുന്നത്. തീരദേശപരിപാലന നിയമം പ്രകാരം CRZ-III മേഖലയിൽ ഉൾപ്പെടുന്ന ഈ പ്രദേശത്ത് നിർമ്മാ ണപ്രവർത്തനങ്ങൾക്ക് ഏറെ നിയന്ത്രണങ്ങൾ ഉണ്ട്. തനതു വരുമാനം ഏറെ കുറവായ ഈ പഞ്ചായത്ത് പ്രതികൂല സാഹചര്യങ്ങളെ തരണം ചെയ്താണ് പദ്ധതി നിർവഹണത്തിൽ തിരുവനന്തപുരം ജില്ലയിൽ ഒന്നാം സ്ഥാനത്തെത്തിയിരിക്കുന്നത്.

അഞ്ചുതെങ്ങ് ഗ്രാമ പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിക്ക് 2017 ജൂൺ 6-ാം തീയതി തന്നെ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചു. 76115958 രൂപ അടങ്കലുള്ള 120 പദ്ധതികളാണ് വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടിരുന്നത്. ആഗസ്റ്റ് മാസം ആദ്യ വാരത്തിൽ തന്നെ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് അന്തിമമാക്കിയ ഗുണഭോക്തൃ ലിസ്റ്റ് നിർവഹണ ഉദ്യോഗസ്ഥർക്ക് കൈമാറി. തുടർന്ന് പദ്ധതിനിർവഹണത്തിന്റെ ആദ്യഘട്ടം മുതൽ തന്നെ നിർവഹണ ഉദ്യോഗസ്ഥരുടെ യോഗങ്ങൾ നിരന്തരം വിളിച്ചു കൂട്ടുകയും പദ്ധതി നിർവഹണത്തിൽ വരുന്ന തടസങ്ങൾ ചർച്ച ചെയ്യുകയും പ്രശ്നപരിഹാരത്തിന് ജനപ്രതിനിധികൾ മുന്നിട്ടിറങ്ങുകയും ചെയ്തു. അർഹരായ ഗുണഭോക്താക്കൾ കുറവായ പദ്ധതികൾക്ക് അധിക ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചു നല്കിയും നിർവഹണം സാദ്ധ്യമാകാത്ത പദ്ധതികൾ ഭേദഗതി ചെയ്ത് പുതിയ പദ്ധതികൾക്ക് രൂപം നല്കിയും നിർവഹണ തടസങ്ങൾ പരിഹരിക്കുന്നതിന് അടിയന്തര തീരുമാനങ്ങൾ എടുത്തു നല്കിയും ഭരണസമിതി നിർവഹണ ഉദ്യോഗസ്ഥരുടെ ഒപ്പമുണ്ടായിരുന്നു.

പട്ടികജാതി വിഭാഗങ്ങൾ 1000 ൽ താഴെ മാത്രമേയുള്ളവെങ്കിലും ജനങ്ങളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് അനുയോജ്യമായ പദ്ധതികൾക്ക് രൂപം നല്കിയത് കാരണം എസ്.സി.പി. വിഹിതവും മികച്ച രീതിയിൽ ചെലവഴിക്കാനായി. മെച്ചപ്പെട്ട ഭവനം, കുടിവെള്ളം, ആരോഗ്യസംരക്ഷണം, വിദ്യാഭ്യാസം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ ലഭ്യമാക്കാനാണ് പദ്ധതി തുകയുടെ ഭൂരിഭാഗവും വിനിയോഗിച്ചിട്ടുള്ളത്. സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ കുറവും പദ്ധതിയുടെ അന്തിമഘട്ടത്തിൽ ധനകാര്യകമ്മിഷൻ വിഹിതം തികയാതെ വന്നതും പ്രതികൂലഘടകങ്ങളായെങ്കിലും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ചിട്ടയാർന്നതും ആത്മാർത്ഥതയുള്ളതുമായ പ്രവർത്തനങ്ങളാണ് നേട്ടം കൈവരിക്കുന്നതിന് ഉതകിയത്.

ഭരണസമിതി

കൃഷിക്ക് അനുയോജ്യമായ ഭൂമിയും മൃഗസംരക്ഷണത്തിന് അനുയോജ്യമായ ഘടകങ്ങളും കുറവാണെങ്കിലും കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ മേഖലകളിൽ വികസനഫണ്ട് വിഹിതം 100% ചെലവഴിക്കാൻ കഴിഞ്ഞുവെന്നത് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അഭിമാനാർഹമാണ്. 500 മത്സ്യത്തൊഴിലാളി വനിതകൾക്ക് ഐസ്ബോക്സ്, മത്സ്യത്തൊഴിലാളികൾക്ക് കട്ടമരം, മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പഠനത്തിനാവശ്യമായ ഫർണിച്ചർ എന്നിവ ലഭ്യമാക്കി.

രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്നതിന്റെ ഭാഗമായി 2017-18 വാർഷിക പദ്ധതിയിലുൾപ്പെടുത്തി പഞ്ചായത്തിലുടനീളം കുടിവെള്ള കിയോസ്കുകൾ സ്ഥാപിക്കുകയും വാക്കംകുളത്ത് കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടമായി കുളം നവീകരണം നടത്തുകയും ചെയ്തു. 60 കുടുംബങ്ങൾക്ക് ഗാർഹിക കുടിവെള്ള കണക്ഷൻ എടുക്കുന്നതിന് ധനസഹായം നല്കി. പഞ്ചായത്തിന്റെ ചിരകാലാഭിലാഷമായ സ്വന്തം ഉടമസ്ഥതയിൽ ഒരു മാർക്കറ്റ് നിർമ്മാണം പൂർത്തീകരിക്കാൻ കഴിഞ്ഞതും 2017-18 വർഷമാണ്.

നിർമ്മാണപ്രവർത്തനങ്ങൾക്ക് നിയന്ത്രണങ്ങൾ ഉണ്ടെങ്കിലും വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് പഞ്ചായത്തിലുടനീളം ഓടകൾ നിർമ്മിച്ചും ചെറു റോഡുകളും നടപ്പാതകളും നിർമ്മിച്ചും റോഡുകൾ അറ്റകുറ്റപ്പണി നടത്തിയും പശ്ചാത്തലമേഖലയിലും മികച്ച രീതിയിൽ തുക ചെലവഴിക്കാനായി.

2017-18 വർഷം നടപ്പിലാക്കിയ പ്രവർത്തനങ്ങൾ കൂടുതൽ ഊർജസ്വലമാക്കിയും പിഴവുകൾ തിരുത്തിയും അടുത്ത വർഷവും മികച്ച നേട്ടങ്ങൾ കൈവരിക്കാനാകുമെന്ന ശുഭപ്രതീക്ഷയോടെയാണ് അഞ്ചുതെങ്ങ് ഗ്രാമ പഞ്ചായത്ത് 2018-19 വർഷത്തെ എതിരേല്ക്കുന്നത്.

പ്രസിഡന്റ്

ജീവനക്കാർ

മലർവാടിക്കടുത്തൊരു മത്സ്യകേന്ദ്രം

കാഞ്ഞങ്ങാട് നഗരസഭ മാതൃക സൃഷ്ടിക്കുന്നു

വി. വി. രമേശൻ

ചെയർമാൻ

ഉത്തര മലബാറിലെ പ്രധാന വാണിജ്യ സാംസ്കാരിക കേന്ദ്രമായിരുന്ന കാഞ്ഞങ്ങാട് ഇന്ന് കാസറഗോഡ് ജില്ലയിലെ അതിവേഗം വികസിക്കുന്ന നഗരമാണ്. 43 വാർഡുകളും എഴുപത്തഞ്ചായിരത്തിലധികം ജനസംഖ്യയുമുള്ള ഈ നഗരം മത്സ്യ വിപണത്തിന് ആധുനിക സംവിധാനങ്ങളുള്ള മാർക്കറ്റൊരുക്കി സംസ്ഥാനത്തിന് തന്നെ മാതൃകയാവുകയാണ്. അതിലൂടെ ഒരു പുതിയ തൊഴിൽ സംസ്കാരത്തിന്റെ തന്നെ മുഖമുദ്രയാവുകയാണ്.

അറബിക്കടൽ പടിഞ്ഞാറൻ അതിരിടുന്ന നഗരത്തിൽ തീരദേശത്തോടുരുമ്മി കിടക്കുന്ന വാർഡുകൾ ഏഴെണ്ണമാണ്.മത്സ്യ ബന്ധനവും വ്യാപാരവും തന്നെ അവിടങ്ങളിലെ പ്രധാന ഉപജീവന മാർഗ്ഗം.ആ സ്പന്ദനം കാഞ്ഞങ്ങാട് മത്സ്യ മാർക്കറ്റിലെത്തായാൽ നമുക്ക് തിരിച്ചറിയാൻ സാധിക്കും. നഗരത്തിന്റെയും സമീപ പഞ്ചായത്തുകളുടെയും മാത്രമല്ല കിഴക്കൻ മലയോര മേഖലയിലെ വലിയൊരു വിഭാഗം ജനങ്ങളുടെ കുടി ആശ്ര യമാണ് കാഞ്ഞങ്ങാട് കോട്ടച്ചേരിയിലെ മത്സ്യ മാർക്കറ്റ്. ഒരേ സമയം മൊത്ത വിതരണവും ചില്ലറ വിൽപനയും നടക്കുന്ന എന്ന പ്രത്യേകതകൂടിയുണ്ട് ഈ മാർക്കറ്റിന്. പരിമിതമായ സാഹചര്യങ്ങളിൽ ദുർഗന്ധപൂരിതമായ പരിസരത്ത് വീർപ്പ്മുട്ടി കഴിഞ്ഞിരുന്ന മൽസ്യ മാർക്കറ്റ് ഇന്ന് തിരിച്ചറിയാൻ കഴിയാത്തവിധം മാറി കഴിഞ്ഞിരിക്കുകയാണ്. ആധുനിക കെട്ടിടം, ചില്ലിട്ടു മൂടിയ മാംസ വിൽപന സ്റ്റാളുകൾ, തൊഴിലാളികൾക്ക് സൗകര്യമായി ഇരുന്ന് വിൽപന നടത്താവുന്ന തരത്തിലുള്ള സംവിധാനങ്ങൾ, ഏകീകൃത യൂണിഫോം, സി.സി.ടി.വി, മാസത്തിലൊരു തവണ മെഡിക്കൽ ക്യാമ്പുകൾ, 2017-18 ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച മലിനജല സംസ്കരണ പ്ലാന്റ്. നവീകരണം - ഇവിടെ കൊണ്ട് അവസാനിക്കുന്നില്ല.പ്ലാന്റിന്റെ സംരക്ഷണത്തിനും മാർക്കറ്റിന്റെ സൗന്ദര്യവൽക്കരണത്തിനും തുടർപദ്ധതികൾ ആസൂത്രണം ചെയ്ത് കൊണ്ടിരിക്കുകയാണ് നഗരസഭ.

കാഞ്ഞങ്ങാട് പഞ്ചായത്തായിരുന്ന കാലം മുതൽ നോർത്ത് കോട്ടച്ചേരിയിലെ വിജനമായ പ്രദേശത്താണ് മീൻ ചന്ത പ്രവർത്തിച്ചു വന്നിരുന്നത്. 1984 ൽ കാഞ്ഞങ്ങാട് നഗരസഭയായി ഉയർത്തപ്പെട്ടതോടെ നഗരമധ്യത്തിലെ റെയിൽവേ സ്റ്റേഷന് വടക്ക് കിഴക്കായി കലട്ര കുടുംബം സൗജന്യമായി നൽകിയ 18 സെന്റ് സ്ഥലത്ത് താൽക്കാലിക ഷെഡ് പണിത് മൽസ്യ മാർക്കറ്റ് പ്രവർത്തനമാരംഭിച്ചു. ഭൂമിശാസ്ത്രപരമായ പ്രത്യേകത നോക്കിയാൽ ഈ സ്ഥലം മത്സ്യ മാർക്കറ്റിന് അനുയോജ്യമായിരുന്നില്ല.നഗരത്തിലെ ഏറ്റവും താഴ്ന്ന പ്രദേശമായതിനാൽ വെള്ളക്കെട്ട് പതിവ് കാഴ്ചയായിരുന്നു.

കുന്നു കൂടിയ മാലിന്യങ്ങളിൽ നിന്നുള്ള ദുർഗന്ധം കോട്ടച്ചേരിയിലും പരിസര പ്രദേശങ്ങളിലേക്കും വ്യാപിച്ചിരുന്നു. അതു കൊണ്ട് തന്നെ ജനകീയ പ്രതിഷേധം ഉയർന്നു വരികയും ഒടുവിൽ മനുഷ്യാവകാശ കമ്മീഷനിൽ പരാതി സമർപ്പിച്ചതിനെ തുടർന്ന് ജസ്റ്റീസ് പരീത് പിള്ള വിഷയത്തിൽ അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് നൽകുകയും ചെയ്തു.തുടർന്നും ദുരിതാവസ്ഥ പരിഹരിക്കപ്പെടാതെപോയപ്പോൾ പൗരസമിതി ഹൈക്കോടതിയെ സമീപിക്കുകയും ഹൈക്കോടതി കമ്മീഷനെ നിയമിക്കുകയും ചെയ്തു.മത്സ്യ മാർക്കറ്റിന്റെ ഗുരുതരാവസ്ഥ മനസ്സിലാക്കി ആരോഗ്യ പ്രശ്ന

ങ്ങൾ പരിഹരിക്കണമെന്നും നിലവിലെ മത്സ്യ മാർക്കറ്റ് മാറ്റി സ്ഥാപിക്കാൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണിക്കണമെന്നും റിപ്പോർട്ട് നൽകിയിരുന്നെങ്കിലും അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്താൻ സാധിച്ചില്ല.കോടതിയലക്ഷ്യത്തിലേക്ക് പൗരസമിതി പോകാനിരുന്നപ്പോഴാണ് 2005ൽ അഡ്വ: കെ. പുരുഷോത്തമൻ നഗരപിതാവായിരിക്കെ പൗരസമിതിയുമായി പ്രശ്നത്തിന്റെ ഗൗരവം ചർച്ച ചെയ്ത് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കപ്പെട്ടത്. നിലവിലെ 18 സെന്റ് സ്ഥലത്തിനു പകരം ഒരു ഏക്കർ സ്ഥലം നഗരസഭ ഏറ്റെടുക്കുന്നതിനെ കുറിച്ച് ആലോചിച്ചു. അതനുസരിച്ച് നിലവിൽ മത്സ്യ മാർക്കറ്റിന് സ്ഥലം നൽകിയ കലട്ര കുടുബാംഗങ്ങളുമായി ചർച്ച നടത്തിയപ്പോൾ വടക്ക് മാറി 40 സെന്റ് സ്ഥലം വിട്ട് നൽകാമെന്നറിയിച്ചു. ഈ സ്ഥലം നഗരസഭയ്ക്ക് ലഭിച്ചപ്പോൾ പഴയ 18 സെന്റ് സ്ഥലം തിരികെ നൽകാനും തീരുമാനിച്ചിരുന്നു. നഗരസഭയ്ക്ക് കുറച്ച് കൂടി അനുയോജ്യമായ സ്ഥലം ലഭ്യമായതിനെ തുടർന്ന് 2006ൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി പാലൊളി മുഹമ്മദ് കുട്ടി ശിലാസ്ഥാപനം നടത്തി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തികരിച്ച് ജനങ്ങൾക്ക് തുറന്ന് നൽകിയെങ്കിലു ദുരിതങ്ങൾ അവസാനിച്ചില്ല. മാലിന്യവും മലിനജലവും നിറഞ്ഞ ചുറ്റുപാട് മഴക്കാല രോഗങ്ങളെ മാരകമാക്കി. മീൻ വിൽക്കുന്ന കോംപ്ലക്സിന്റെ നിലം ടൈൽ പാകിയിരുന്നു. എന്നാൽ വെള്ളക്കെട്ട് മൂലം വഴുക്കലായതിനാൽ മാർക്കറ്റിലെത്തുന്നവർക്ക് കാൽ നടപോലും പറ്റുന്നില്ലെന്ന് വന്നപ്പോൾ ടൈൽസ് മാറ്റി കോൺക്രീറ്റ് ഷീറ്റ് പാകി. ദിനം പ്രതിയുണ്ടാവുന്ന മലിനജലം ഒഴുക്കിവിടാനായി 4 കുഴികൾ നിർമ്മിച്ച് സ്ലാബിടുയും ചെയ്തു. കൂടാതെ ബയോഗ്യാസ് പ്ലാന്റ് പണി കഴിപ്പിച്ചു. ഇത്രയൊക്കെ സംവിധാനങ്ങൾ ഒരുക്കിയെങ്കിലും തൊഴിലാളികൾ റോഡരികിലെ മലീന ജലത്തിൽ ഇരുന്നുള്ള വിൽപന തുടർന്നു. 40 സെന്റ് സ്ഥലത്ത് മത്സ്യ മാംസ വിപണന കേന്ദ്രം ആരും ശ്രദ്ധിക്കാതെ നശിക്കുമ്പോൾ കോട്ടച്ചേരി തീരദേശ റോഡു മുതൽ റെയിൽവേ സ്റ്റേഷൻ റോഡു വരെയുള്ള ഭാഗങ്ങളിൽ നിരവധി മത്സ്യതൊഴിലാളികൾ അനധികൃതമായി മത്സ്യവ്യാ

പഴയ മാർക്കറ്റ്

പാരം നടത്തി യാതൊരു മാനദണ്ഡവുമില്ലാതെ സ്റ്റാളുകൾ പ്രവർത്തിച്ചു. മീൻ നാറ്റം കാരണം ജനത്തിന് സഞ്ചരിക്കാൻ വയ്യാതായി ഇതൊക്കെ കണ്ട് പൊറുതിമുട്ടിയ നഗരം പഴയ അവസ്ഥയിലേക്ക് തിരിച്ചു പോവുമോ എന്ന് ആശങ്കപ്പെട്ടു. അടിയന്തരമായും മത്സ്യ മാർക്കറ്റിനകത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ടുന്ന ഇടപെടൽ നടത്തണമെന്ന ആവശ്യമുയർന്നു.

ഈ സാഹചര്യത്തിലാണ് പുതിയ ഭരണസമിതി നഗരസഭയിൽ അധികാരമേൽക്കുന്നത്. ഭരണ സമിതിയുടെ ആദ്യ പരിഗണന ജീർണ്ണാവസ്ഥയിലെ മത്സ്യ മാർക്കറ്റ് നവീകരണമായിരുന്നു. സാങ്കേതിക പ്രശ്നങ്ങൾ ഒരുപാടുണ്ടായിരുന്നു. ഭരണ സമിതി നൽകിയ പിൻതുണ എല്ലാ പ്രതിബന്ധങ്ങളെയും തിരസ്കരിച്ച് ഇന്നത്തെ നിലയിൽ മത്സ്യ മാർക്കറ്റ് യഥാർത്ഥ്യമാക്കി. പഴയ നിർമ്മാണ പ്രവർത്തനങ്ങളുടെ സ്ഥാനത്ത് ടൈൽസ് പാകിയ തറയും, ഫാനുകളും, വൈദ്യുതി വിളക്കുകളും,മീനുകൾ കേടുകൂടാതെ സൂക്ഷിക്കാനുള്ള സംവിധാനവും ഒരുക്കി മാംസ കച്ചവടം അടച്ചുറപ്പുള്ള മുറികളിലേക്ക് മാറ്റി. സഞ്ചാര യോഗ്യമല്ലാത്ത പ്രവേശന കവാടം മെക്കാഡം സംവിധാനത്തോടെ ടാർ ചെയ്തു സംരക്ഷിച്ചു, മലിനജലം ഒഴുക്കിവിടുന്നതിന് സംവിധാനമുണ്ടായി, സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി റെയിൽവേ സ്റ്റേഷൻ റോഡരികിലും മാർക്കറ്റിന്റെ പടിഞ്ഞാറ് വശത്തും ഗാർഡൻ ഉണ്ടാക്കി. അലക്ഷ്യമായി പതിച്ചിരുന്ന വിവിധങ്ങളായ പരസ്യങ്ങൾ നിരോധിച്ചു. മത്സ്യതൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ്, നിയതമായ സ്റ്റാളുകൾ, സ്റ്റാളുകളിൽ നിന്ന് മലീന ജലം ഒഴുകി പോകാൻ സംവിധാനം രാവിലെ 6 മണി മുതൽ രാത്രി 9 മണി വരെ മത്സ്യവിപണ കേന്ദ്രം പ്രവർത്തിക്കുന്നതിനാവശ്യമായ ക്രമീകരണം. ഗ്രീൽസ് ഇട്ട് അടച്ചുറപ്പുള്ള പ്രവേശന മാർഗ്ഗം എന്നിവ ഒരുക്കി.

ഏറ്റവും ഒടുവിലായി മാർക്കറ്റിലെ മലിനജലം സംസ്കരിക്കുന്നതിനു വേണ്ടിയുള്ള മലിന ജല ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്ന പ്രവൃത്തിയും പൂർത്തിയായി കഴിഞ്ഞു. കോഴിക്കോട് ആസ്ഥാ നമായുള്ള റാം ബയോളജിക്കൽസ് എന്ന സ്ഥാപനമാണ് പ്രവൃത്തി നിർവ്വഹിച്ചത് പ്ലാന്റിന്റെ കമ്മീഷനിംഗ് നടത്തുന്നതിനൊപ്പം തന്നെ സംരക്ഷണ പ്രവർത്തനങ്ങൾക്കും പരിസരത്ത് സൗന്ദര്യവൽക്കരണത്തിനുമായി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

മത്സ്യ മാർക്കറ്റുകളുടെ പ്രവർത്തന ഫലമായി ഉൽപാദിപ്പിക്കപ്പെടുന്ന മലിന ജലം ശുദ്ധീകരിക്കുന്ന പ്രക്രിയയിൽ ഇലക്ട്രോ കൊയാഗുലേഷൻ എന്ന സാങ്കേതികവിദ്യയാണ് ഇവിടെ ഉപയോഗപ്പെടുത്തിയിട്ടുള്ളത്. ഈ ടെക്നോളജിയിൽ മാലിന്യങ്ങൾ സെറ്റിൽമെന്റ് ആയി മാറ്റപ്പെടുകയും ജലം ശുദ്ധമാക്കി വേർതിരിക്കുകയും ചെയ്യുന്നു. വളരെ കുറഞ്ഞ സ്ഥലത്ത് സ്ഥാപിക്കാ മെന്നത് ഇത്തരം പ്ലാന്റിന്റെ സവിശേഷതയാണ്. എന്തായാലും പ്ലാന്റ് കമ്മീഷൻ ചെയ്യുന്നതോടെ ആധുനികവൽകരണവും പൂർത്തിയാവുകയും സൗന്ദര്യ വൽകരണവും പ്രാവർത്തികമാവുകയും ചെയ്യുന്നതോടെ കാഞ്ഞങ്ങാട് മത്സ്യ മാർക്കറ്റ് ഒരു തൊഴിൽ സംസ്കാരത്തിന് തന്നെ മാതൃകയാവുമെന്നത് തീർച്ചയാണ്

കിള്ളിയാർ ഒരുമ

പ്രൊഫ.എ.സുഹൃത്കുമാർ

ഒരു പുഴ വീണ്ടെടുക്കുക, അത് ജനകീയ യത്നമാക്കുക, പുത്തൻ ഒരറിവ് ആയിരിക്കുമത്. പഴമക്കാർ കിള്ളിയാറിനെപ്പറ്റി പല അറിവു പകരുന്നു. പുതുതലമുറയ്ക്ക് പലതും അനുഭവമേയല്ല. വേനലിൽ വരണ്ട് മെലിഞ്ഞ്, വർഷത്തിൽ ആർത്തലച്ചൊഴുകി കടലിൽ ചേരുന്ന മലവെള്ളപ്പാച്ചിലായ്, മാലിന്യക്കുപ്പയായ്, അഴുക്കുചാലായ് ഒക്കെയാണ് ഇന്നുള്ളവർ കിള്ളിയാറിനെ കാണുന്നത് കയ്യേറ്റവും മണ്ണിടിച്ചിലും മണലൂറ്റും നികത്തലും എല്ലാം ചേർന്ന് മെലിഞ്ഞുണങ്ങിയ കിള്ളിയാർ...............

ഒട്ടേറെ പഠനങ്ങൾ ഇതിനകം നടന്നു കഴിഞ്ഞു. ഭൂവിനിയോഗബോർഡ്, ശാസ്ത്രസാഹിത്യ പരിഷത്, പ്രാദേശിക സന്നദ്ധ സംഘങ്ങൾ അങ്ങനെ പലരും പലവുരു ശ്രമിച്ച് മടങ്ങി. അറിവിന്റെ കുറവല്ല. വിജ്ഞാനക്കുറവുമില്ല. അവബോധത്തിന്റെ അഭാവമാണ്; സംസ്കാരത്തിന്റെ ദുർബ്ബലതയാണ് ഇനിയും കിള്ളിയാറിനെ നശിക്കാൻ വിടുന്നത്. ഈ തിരിച്ചറിവിൽ നിന്നാണ് കിള്ളിയാർ ഒരുമ പിറക്കുന്നത്. ഇന്നത് സർവജനാശ്ലേഷിയായ ഒരു യത്നമായ്, പ്രസ്ഥാനമായ്, പ്രക്ഷോഭമായ്, പ്രാപ്തമാക്കുകയാണ്. ആ അനുഭവപാഠങ്ങളിലൂടെ ഒരു നേർ സഞ്ചാരം.

പദ്ധതി നിർദേശം പാതി സമ്മതം

കൊടിളുക്കിമലയിൽ നിന്ന് അഗസ്ത്യവന പർവതശിഖിരഭാഗമായി ശേഷിക്കുന്ന, സഹ്യമലനിരകളുടെ സ്വാഭാവിക തുടർച്ചയായ ഒരു കുന്നിൻചരിവ് കരിഞ്ചാത്തിമൂലയെന്ന ചിറ (ഇന്നത് വെട്ടുപ്രായമെത്തിയ റബ്ബർ തോട്ടഭൂമിയാണ്)യിൽ നിന്നും ഒറ്റക്കൊമ്പൻപാറയിൽ കിനിയുന്ന ചോലയിൽ നിന്നും ഊറിയിറങ്ങുന്ന നീർചാലുകൾ ഒത്തുചേർന്നൊഴുകിയാണ് കിള്ളിയാർ ആകുന്നത്. പനവൂർ, ആനാട്, അരുവിക്കര, കരകുളം ഗ്രാമപഞ്ചായത്തുകൾ നെടുമങ്ങാട് നഗരസഭ, തിരുവനന്തപുരം നഗര

കോർപ്പറേഷനുകളിലെ ഏഴ് സർക്കിളുകളിലെ 14 വാർഡുകളിലൂടെ ഒഴുകി 24.5 കിലോമീറ്ററോളം ദൈർഘ്യമുള്ള ചെറുനീർതട സാന്നിദ്ധ്യമാണ് കിള്ളിയാർ, കിള്ളിയാർ സംരക്ഷണത്തിനായുള്ള പ്രാഥമിക നിർദേശം 2016-17 വർഷക്കാലത്തെ ജനകീയാസൂത്രണ സംരംഭമായി വികസന കൗൺസിൽ യോഗത്തിനുമുമ്പിൽ വച്ചകാര്യം ഓർമിക്കാതെ വയ്യ. നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് വികസന സെമിനാറിൽ പങ്കെടുത്തവർക്ക് ഭൂരിപക്ഷത്തിനും പദ്ധതി പ്രാപ്യമാകുമോ എന്ന് സംശയവും ശങ്കയും ആയിരുന്നു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അസാമാന്യ ആർജവമാണ് കാണിച്ചത്. നാല് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ തികഞ്ഞ സ്ഥൈര്യത്തോടെ പദ്ധതിനിർദേശം നൂതന പ്രോജക്ട് രൂപത്തിൽ ജില്ലാ ആസൂത്രണ സമിതിയിലെത്തിച്ച് അംഗീകാരം നേടി.

മൂട്ടിൽ മൂട്ടകടിച്ച ഏതാനും പേർ.......... ആവർത്തിച്ചുള്ള ഒത്തുചേരൽ. സമാന ആശയഗതിക്കാർ.... വ്യത്യസ്ത പ്രവർത്തനരീതിക്കാർ..... കൊണ്ടും കൊടുത്തും അവർ ഒരു ധാരണയിലെത്തി. എഴുതിയും വായിച്ചും തിരുത്തിയെഴുതിയും ഒരു സമീപന രേഖയുണ്ടാക്കി. ബ്ലോക്ക് ഭരണസമിതിയുടെ അംഗീകാരവും നേടി. അപ്പോഴും മുനിസിപ്പാലിറ്റിയിൽ അനക്കമുണ്ടായില്ല. അത്രവേഗം അങ്ങനെ ഒരു ചലനം ദൃശ്യമാകാനും ഇടയില്ല. ഈ തിരിച്ചറിവോടെ രാഷ്ട്രീയകാര്യ നേതൃത്വത്തിന് മുന്നിൽ അവതരിപ്പിച്ച ബോധ്യപ്പെടുത്തി. അതോടെ നഗരസഭാ തലവും സജീവമായി. തുടർന്നുള്ള ഓരോ ഘട്ടവും ആസൂത്രിതമായി മുന്നേറി. പാതി സമ്മതത്തെ പൂർണ ആവേശമാക്കി മാറ്റാനായി കഴിഞ്ഞു. ഇതിനെല്ലാം പിന്നിൽ സാങ്കേതിക പിൻതുണാ സഹായവുമായി കരകുളം ഗ്രാമീണ പഠനകേന്ദ്രം നിലകൊണ്ടു.

വിദ്യാർഥിസംഘം പഠനപര്യടനം

പ്രാഥമിക പ്രവർത്തനം തിരുവനന്തപുരം ഗവ. ലോ കോളേജിലെ 94 നാഷണൽ സർവീസ് സ്കീം വോളന്റിയർമാർ നടത്തിയ പഠനയാത്രയായിരുന്നു. ഗ്രാമീണ പഠന കേന്ദ്രം ജി.ഐ.എസ് പ്രക്രിയയിലൂടെ തിട്ടപ്പെടുത്തിയ 31 കൈതോടുകൾ കേന്ദ്രീകരിച്ചുള്ള തൽസ്ഥിതി പഠനം ഈ സംഘം ഒറ്റ ദിവസം കൊണ്ട് പൂർത്തീകരിച്ചു. രാവിലെ 9ന് പുഴയിൽ നിന്നും ഓരോ കൈതോടും ആരംഭിക്കുന്ന മുഖത്ത് നിന്ന് കൈവഴിയുടെ ഉടക്കം വരെയുള്ള നിലവിലെ സ്ഥിതി വിദ്യാർഥി സംഘം റിപ്പോർട്ടായി രൂപപ്പെടുത്തി. നദീമുഖം നിറയുന്ന മാലിന്യം, ഒഴുകി വരുന്ന മലിനജലം, സ്വകാര്യ വ്യക്തികൾ മണ്ണിട്ടുനികത്തിയ ഭാഗങ്ങൾ, നീരൊഴുക്ക് നിലച്ച സ്ഥലങ്ങൾ ഇവയെല്ലാം ഭൂപടരൂപത്തിൽ അവർ റിപ്പോർട്ടാക്കി. മറ്റൊരു സംഘം ആറ് വോളൻറിയർമാർ ചേർന്ന് പുഴയുടെ മദ്ധ്യസ്ഥാനമായ വഴയില മുതൽ ഉത്ഭവസ്ഥാനമായ തീർഥങ്കര വരെ ഓരോ കിലോമീറ്റർ ദൂരത്തിലുമുള്ള ജലഗുണനിലവാര പഠനം നിർവഹിച്ചു. വെള്ളത്തിന്റെ സാമ്പിൾ ശേഖരിച്ച് ഏഴ് അടിസ്ഥാന ഘടകങ്ങൾ അവർ പഠിച്ചു. കുളിക്കാനോ കടിക്കാനോ, കൃഷിയാവശ്യത്തിനോ കന്നുകാലികൾക്ക് ഉപയോഗിക്കാനോ പറ്റാത്തവിധം മലീമസമായ നിലയിലാണെന്ന സ്ഥിതി വിവരം പരിസരവാസികൾക്കും ഭരണ നേതൃത്വത്തിനും അവിശ്വസനീയമായിരുന്നു.

അഭൂതപൂർവമായ ജനകീയ കൺവെൻഷൻ

കിള്ളിയാർ ഒരുമ എന്ന പരിസ്ഥിതി പരിപാലന ജനകീയ യത്നത്തിന്റെ ആദ്യഘട്ടം 2018 മാർച്ച് 6 ന് നടന്ന അഭൂതപൂർവമായ ബഹുജന കൺവെൻഷൻ ആയിരുന്നു. സംഘാടകരുടെ പ്രതീക്ഷകളെ അസ്ഥാനത്താക്കി നിറഞ്ഞു കവിഞ്ഞ ജനസാന്നിദ്ധ്യം പങ്കാളിത്തവും പ്രതിജ്ഞാബദ്ധതയും ഒത്തുചേർന്ന ജനകീയ കൺവെൻഷൻ വേദിയിലാണ് ഇന്നത്തെ കിള്ളിയാർ മിഷൻ പ്രഖ്യാപിക്കപ്പെട്ടത്. കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് ഡോ.ടി.എം.ഐസക് മുന്നോട്ട് വച്ച ആശയങ്ങൾക്ക് മൂർത്തരൂപം നല്കാൻ തുടർന്ന് ചേർന്ന മിഷൻ നിർവ്വാഹകസമിതിയോഗം തീരുമാനിച്ചു. തദ്ദേശഭരണ സ്ഥാപനതലത്തിലുള്ള ബഹുജന കൺവെൻഷനുകൾ, 31 കൈതോടുകൾ അടിസ്ഥാനമാക്കി പ്രാദേശിക കൺവെൻഷനുകൾ എന്നിവ ചേരാനും അതാതിടങ്ങളിൽ ജനകീയ സമിതികൾ രൂപപ്പെടുത്താനും തീരുമാനിച്ച് തീയതികൾ നിശ്ചയിച്ചു. പുഴയറിവ് നടത്തം, പുഴയോർമ ചിത്രീകരണം, കലാസാംസ്കാരിക ഇടപെടൽ, ആരോഗ്യസമിതി ഇടപെടൽ, സാങ്കേതിക സമിതി യോഗം എന്നിവയും തീരുമാനിച്ചു. എല്ലാ ബഹുജന രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും നേതാക്കൾ, നിയമസഭാ സാമാജികർ, ജനപ്രതിനിധികൾ, സന്നദ്ധസാമൂഹിക സാങ്കേതിക പ്രവർത്തകർ എന്നിവരെല്ലാം ചേർന്ന് കിള്ളിയാർ മിഷൻ പ്രവർത്തനം ഘട്ടം ഘട്ടമായി മുന്നോട്ട് നീക്കി. ബഹുജനകൺവെൻഷനുകൾ എടുത്ത പ്രതിജ്ഞയുടെ പ്രതിഫലനമായി മാറി ഓരോ തലത്തിലുമുള്ള ജനകീയ കൺവെൻഷനുകൾ.. ജലവിഭവ വകുപ്പ് മന്ത്രി മാത്യു ടി.തോമസ്, ഹരിതകേരളം മിഷൻ വൈസ് ചെയർപേഴ്സൺ ഡോ.ടി.എൻ. സീമ, അഡ്വ.

ഡി.കെ.മുരളി എം.എൽ.എ, വി.കെ.മധു (ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്) നെടുമങ്ങാട് മുൻസിപ്പൽ ചെയർമാൻ ചെറ്റച്ചൽ സഹദേവൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബി.ബിജു എന്നിവർ എല്ലാ ഘട്ടത്തിലും നേതൃത്വപരമായ പങ്ക് വഹിച്ചിരുന്നു. പ്രവർത്തന ഏകോപനത്തിൽ രാഷ്ട്രീയ പിൻതുണ ഉറപ്പാക്കുന്നതിൽ മുൻ ജില്ലാ പ!ഞ്ചായത്ത് പ്രസിഡന്റ് കൂടിയായ ആനാവൂർ നാഗപ്പൻ വഹിച്ച പങ്ക് നിസ്തുലമാണ്.

പുഴയറിവ് നടത്തം

രൂപീകരിക്കപ്പെട്ട 29 പ്രാദേശിക സമിതികളുടെ തീരുമാനവും പങ്കാളിത്തവും ഉറപ്പാക്കിക്കൊണ്ട് നടത്തിയ വമ്പിച്ച ജനകീയ ബോധവൽക്കരണ കൂട്ടായ്മയായിരുന്നു 2018 ഏപ്രിൽ 5ന്റെ പുഴയറിവ് നടത്തം. ഉത്ഭവസ്ഥാനം മുതൽ വഴയില വരെ ആറ് ക്ലസ്റ്ററുകളായി 21 കിലോമീറ്റർ ദൂരം പുഴയിലൂടെയും കരയിലൂടെയും നടത്തം. പുഴയുടെ, കൈതോടുകളുടെ നിലവിലെ അവസ്ഥ അറിയാനും തുടർ നടപടി ആലോചിക്കാനും മാത്രമല്ല സമീപവാസികളായ സമൂഹത്തെ ഈ ഉദ്യമവുമായി ബന്ധിപ്പിക്കാനും പുഴയറിവ് സഹായകമായി. പരിസ്ഥിതി ഗാനങ്ങൾ, നാടൻപ്പാട്ടുകൾ, മുദ്രാഗീതങ്ങൾ, സംവാദസദസുകൾ, തുടങ്ങിയവയൊക്കെ ചേർന്നപ്പോൾ വേനൽ തീഷ്ണത അറിയാതെയുള്ള മഹത്തായ പ്രകൃത പഠന പരിപാടിയായി പുഴയറിവ് മാറി, 3500ൽ അധികം ആളുകൾ പങ്കെടുത്ത പുഴയറിവ് നടത്തത്തിൽ ഡോ.ടി.എം.തോമസ് ഐസക്, അഡ്വ. മാത്യു ടി തോമസ്, അഡ്വ.കെ.രാജു എന്നീ മന്ത്രിമാർ ഉൾപ്പെടെ സാന്നിദ്ധ്യവും സമൂഹത്തിലെ നാനാതുറകളിലെ പ്രതിഭകളുടെ പങ്കാളിത്തവും ആവേശം ജനിപ്പിക്കുന്നതായി മാറി.

ഭരണപരമായ നടപടികൾ

പുഴയിലേക്കും കൈതോടുകളിലേക്കും മാലിന്യ നിർഗമനവും ഖരമാലിന്യ നിക്ഷേപവും തടയാനുള്ള ഭരണപരമായ ചില ഇടപെടലുകൾ അനിവാര്യമായി വന്നു. അതിൽ ഒന്ന് 22-03-2018ന് ജല ദിനത്തോടനുബന്ധിച്ച് നെടുമങ്ങാട് മുനിസിപ്പാലിറ്റി ഏറ്റെടുത്ത മാലിന്യനിർമാർജന പ്രവർത്തനമായിരുന്നു. ഇന്നത്തെ സ്ഥിതി മാറിയാൽ കിള്ളിയാർ സ്വഛമായി, സ്വസ്ഥമായി ഒഴുകും എന്ന് പ്രദേശവാസികളെ ബോധ്യപ്പെടുത്താൻ ഈ പ്രവർത്തനം സഹായകമായി. മറ്റൊന്ന് ബ്ലോക്ക് പഞ്ചായത്ത് മുൻകൈയെടുത്ത് പ്രാഥമികാരോഗ്യ പ്രവർത്തകരെ ഉപയോഗപ്പെടുത്തി നടത്തിയ മുന്നറിയിപ്പ് പ്രവർത്തനമാണ്. മലിനീകരണ നിയന്ത്രണ നിരോധന നടപടികൾ നോട്ടീസ് രൂപത്തിൽ ബന്ധപ്പെട്ട വ്യക്തികൾ, സ്ഥാപനങ്ങൾ, സംരംഭകർ എന്നിവരിലെത്തിക്കാൻ കഴിഞ്ഞു. ഒരുപടികൂടി മുന്നോട്ടുപോയി കരകുളം ഗ്രാമപഞ്ചായത്ത്. പുഴയോരത്ത് വർഷങ്ങളായി നിക്ഷേപിക്കപ്പെട്ട മാലിന്യം നിർമാർജനം ചെയ്യുന്ന ഊർജിത യത്നം നടപ്പാക്കിയ ശേഷം മലിനീകരണ നിരോധനവിജ്ഞാപനം പുറപ്പെടുവിക്കുകയും നിർവഹണ ഉത്തരവ് പ്രാബല്യത്തിലാക്കുകയും ചെയ്യാൻ പ്രാദേശിക ഭരണസ്ഥാപനം സജ്ജമായി. യഥാർഥത്തിൽ കേവലം ജലസംരക്ഷണ പരിസ്ഥിതി പരിപാലന പ്രക്രിയക്ക് അപ്പുറം തദ്ദേശഭരണ വ്യവസ്ഥാപന പ്രക്രിയ കൂടിയായി ഈ ഉദ്യമങ്ങൾ മാറി.

ഏകദിന ശുചീകരണ പ്രവർത്തനം

ഒരുപക്ഷെ മനുഷ്യസാധ്യം എന്ന് കരുതാനാകാത്ത ഉദ്യമമായിതന്നെ 2018 ഏപ്രിൽ 14ന് മേടസംക്രമ ദിനത്തിൽ ഏറ്റെടുത്ത ഏകദിന കിള്ളിയാർ ശുചീകരണ പ്രവർത്തനം ഏറെ മുന്നൊരുക്കം, മികച്ച പ്രചാരണം, കുറ്റമറ്റ സംഘാടനം, അതിശയിപ്പിക്കുന്ന ജനപങ്കാളിത്തം എന്നിവകൊണ്ട് കേരളത്തിന് മാതൃകയായി മാറി ഒറ്റത്തവണ ശുചീകരണയത്നം. ആരോഗ്യവകുപ്പ് മുതൽ പോലീസ്, അഗ്നിശമന സേനാവിഭാഗം വരെ സർക്കാർ വകുപ്പുകൾ, കേരള ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷൻ മുതൽ ജനാധിപത്യയുവജന പ്രസ്ഥാനം വരെ ബഹുജനസംഘടനകൾ, സാമൂഹികസംഘടനകൾ, പ്രമുഖ വ്യക്തികൾ എന്നിവർക്കൊപ്പം 10000ൽ അധികം സാധാരണക്കാരും ഒത്തുചേർന്ന വൻ മുന്നേറ്റമായത് മാറി. അവർക്ക് ആവേശമായി കുട്ടികളുടെ ഗായക സംഘവും മാനവീയം തെരുവോരക്കൂട്ടവും പര്യടനം നടത്തിയതും സവിശേഷ അനുഭവമായി.

വഴയിലയിൽ സഹകരണ വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ, കുട്ടപ്പാറയിൽ ഡിജിപി ലോക്നാഥ് ബഹ്റ, കൊല്ലങ്കാവിൽ ഡോ. ടി.എൻ.

സീമ, പുത്തൻപാലത്ത് പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല, തീർത്ഥങ്കരയിൽ ധനമന്ത്രി ടി.എം.തോമസ് ഐസക് തുടങ്ങിയവർ പുഴ സംരക്ഷണ പ്രതിജ്ഞച്ചൊല്ലിക്കൊടുത്ത് ശുചീകരണ പ്രവർത്തനം ഫ്ലാഗ് ഓഫ് ചെയ്തു. ഡി.കെ.മുരളി, സി.ദിവാകരൻ, ശബരീനാഥ് എന്നീ എം.എൽ.എമാർ വി.ശിവൻകുട്ടി, ആനാവൂർ നാഗപ്പൻ, അഡ്വ. ജി.ആർ.അനിൽ, മാങ്കോട് രാധാകൃഷ്ണൻ, കരകുളം കൃഷ്ണപിള്ള, ചലച്ചിത്ര സംവിധായകൻ വി.സി.അഭിലാഷ്, സാഹിത്യകാരൻ ജോർജ് ഓണക്കൂർ, കവി വിനോദ് വൈശാഖി തുടങ്ങിയവർ എല്ലാം ഇതിൽ പങ്കാളികളായി. പ്രായഭേദമന്യെ സ്ത്രീ പുരുഷ സഞ്ചയം കിള്ളിയാർ ശുചിയാക്കാൻ, പരിപാലിക്കാൻ ദൃഢനിശ്ചയത്തോടെ രംഗത്തിറങ്ങി. മൂഴിയിൽ ഡോ. തോമസ് ഐസകിനൊപ്പം ശുചീകരണത്തിന് തുടക്കമിട്ടത് 74 കാരിയായ സാവിത്രിയും 63 കാരിയായ പത്മാവതിയുമായിരുന്നു. നാട്ടുകാരൊന്നിച്ചാൽ കിള്ളിയാർ നിലനിർത്താം എന്ന സാവിത്രിയുടെ പ്രഖ്യാപനം ഒരു പുതിയ പാഠമായി മാറി. കുട്ടപ്പാറയിൽ പോലീസ് സേനയിലെ 350 പേർ അടങ്ങുന്ന സംഘം നടത്തിയ പരിശ്രമം അന്യാദൃശ്യമായിരുന്നു. ഫയർഫോഴ്സ് ഡൈവിംഗ് ടീം കൈയ് മെയ് മറന്ന സേവനമാണ് വാഴയിലെ ആഴക്കയങ്ങൾ ശുചീകരിക്കാൻ നടത്തിയത്. മാടവനക്കയത്തിലെ ഉൾപ്പെടെ അവശിഷ്ട മാലിന്യങ്ങൾ നീക്കം ചെയ്യുകയെന്ന ഭഗീരഥ യത്നം ഇതെഴുതുമ്പോഴും ജനകീയ സംഘം തുടരുകയാണ്.

ഇനിയെന്ത്?

ഇപ്പോഴത്തെ ഉദ്യമം ഒരു തുടക്കമാണ്. തീർത്ഥങ്കര-പുത്തൻപ്പാലം വരെയും കൊല്ലങ്കാവ്-വാളിക്കോട് വരെയും എട്ടാംകല്ല്- വഴയില വരെയും ഒന്ന് നടന്നു കാണുക. കിള്ളിയാർ ശുചിയായി നിലനില്ക്കും എന്ന് എല്ലാവരും ഒരുപോലെ പറയുന്നു.എന്നാൽ ഇന്ന് നടന്ന പ്രവർത്തനം മാത്രം മതിയാകില്ല. തുടർ നടപടികൾ ഇനിയും ഉണ്ടാകണം.

(i) 31 കൈതോടുകൾ തൊഴിലുറപ്പ് പദ്ധതി സഹായത്തോടെ ശുചീകരണ തുടർച്ചയായി പരിപാലിക്കപ്പെടണം. കയർഭൂവസ്ത്രം, ചെറുപ്പണകൾ ഉൾപ്പെടെ സാധ്യത ഉൾപ്പെടുത്തണം.

(ii) ജലസംരക്ഷണം മുൻനിർത്തി നിർദ്ദിഷ്ട നിർമ്മിതികൾ ജലവിഭവ വകുപ്പ് ഹരിത കേരളം കർമപദ്ധതിയുടെ ഭാഗമായി നടപ്പാക്കണം.

(iii) തുടർ മലിനീകരണം കർക്കശമായി തടയാൻ തദ്ദേശ ഭരണസ്ഥാപനങ്ങൾ നടപടി സ്വീകരിക്കണം.

(iv) കിള്ളിയാർ മിഷൻ നേതൃത്വത്തിൽ വിപുലമായ ജനബോധന പ്രകൃതി പരിപാലന ഉദ്യമം (ഐഇസി) നടപ്പാക്കണം. അതിനായി നിർദ്ദിഷ്ട കൈപ്പുസ്തകം എല്ലാവരിലും എത്തിക്കണം.

(v) വഴയിലയിൽ അല്ല, തിരുവല്ലത്താണ് കിള്ളിയാർ കരമനയാറിൽ സംഗമിക്കുന്നത്. ഇത്രയും ദൂരം തിരുവനന്തപുരം നഗരപരിധിയിലൂടെയാണ് കിള്ളിയാർ ഒഴുകുന്നത്. വ്യത്യസ്തവും സമഗ്രവും പ്രായോഗികവുമായ കിള്ളിയാർ സിറ്റി മിഷൻ ഇതിനായി രൂപീകൃതമാക്കി നടപ്പാക്കുന്നത് വഴി നഗര പ്രദേശത്തുള്ള കിള്ളിയാർ കുടിശുദ്ധജല സ്രോതസ്സാക്കി മാറ്റണം.

"ഇരുമ്പ് പഴുത്തിരിക്കുമ്പോൾ അടിക്കണം" എന്ന അറിവാണ് കിള്ളിയാർ ഒരുമയുടെ നേട്ടം. തികച്ചും പരിമിതമായ പ്രവൃത്തികൾ മാത്രമാണ് നടന്നത്. ഇതിലും എത്രയോ ദുർഘടമായവ ഇനിയുമുണ്ട് കയ്യേറ്റങ്ങൾ ഒഴിപ്പിച്ച്, റവന്യൂ രേഖകൾ സാക്ഷ്യപ്പെടുത്തുന്ന മട്ടിൽ ഉണ്ടായിരുന്ന കിള്ളിയാറിനെ പുനഃസ്ഥാപിക്കുക എന്ന ശ്രമകരമായ ദൗത്യം വരുംകാല സമൂഹം പ്രാവർത്തികമാക്കും എന്ന് തന്നെ കരുതാം. ഇനിവരുന്നൊരു തലമുറയ്ക്ക് ഇവിടെവാസം സാധ്യമാക്കാൻ അത്തരം ജനകീയ ഉദ്യമം അനിവാര്യമാണ്. വെറും വാക്കല്ല ചെയ്ത പ്രവൃത്തിയാണതിന് തെളിവ്. കേരളത്തിൽ തന്നെ ഏറ്റവും അധികം പേർ പങ്കെടുത്ത ശുചീകരണ പ്രവർത്തനമാണ് അതിന്റെ തുടക്കവും മാതൃകയും.

(കിള്ളിയാർ ഒരുമ പദ്ധതിയുടെ രൂപകൽപ്പനയുടെയും കിള്ളിയാർ മിഷൻ പ്രവർത്തനത്തിന്റെയും കോർഡിനേറ്റർ ആണ് പ്രൊഫ. എ. സുഹൃത്കുമാർ)

പരസ്യ നിരക്ക്

കവർ (അവസാന പുറം) കളർ	₹ 12000
കവർ (ഉൾവശം) കളർ	₹ 10000
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	₹ 8000
മറ്റു പേജുകൾ (കളർ)	₹ 8000
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	₹ 6000
അരപേജ് (കളർ)	₹ 5000
അര പേജ് (ബ്ലാക്ക് & വൈറ്റ്)	₹ 3000

പഞ്ചായത്ത്‌രാജ്

വാർഷിക വരിസംഖ്യ ₹ 120

PANCHAYAT RAJ (Monthly) April 2018
Annual Subscription ₹120, Published on 20 April 2018
Posted at Trivandrum RMS on 25th & 26th of every month

RNI. No. : 7959/64
Postal Reg. No. KL/TV(N) 391/2015-17
Licensed to post without prepayment No. KL/TV(N) WPP-85/2015-17

Printed & Published by P.Marykutty IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Orange Printers Pvt. Ltd (for GLM), Pulimood, Thiruvananthapuram, Kerala - 695 001 and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: P.Marykutty IAS